RESOLUTION No. 4

Establishment of responsible Government

Mr. G. S. Dhara Singh *(Mattancheri):* There is an identical resolution No. 12 which stands in my name and I request to club these together.

Deputy President: What is the number of your resolution ?

Mr. G. S. Dhara Singh *(Mattancheri):* No. 12.

Mr. P. Kumaran Ezhuthassan *(Vadakkancheri):* No. 24 also stands in my name.

Mr. P. Govinda Menon *(Ernakulam):* Another stands in the Deputy President's name.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: "മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിനു വിധേയമായി, പ്രായപൂർത്തിവോട്ടവകാശത്തോടും ന്യൂനപക്ഷസമുദായസംരക്ഷണ വ്യവസ്ഥകളോടുംകൂടി, പൂർണ്ണ ഉത്തരവാദിത്വഭരണം ഈ രാജ്യത്തു് ഉടനടി നടപ്പാക്കണമെന്നു് ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് ശുപാർശ ചെയ്യുന്നു." സർ, ഫൻസുവ ജനവരി മാസം ൪-ാംനു നാടുവാണരുളിയിരുന്ന പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് കല്പിച്ചരുളിയ ഭരണപരിഷ്കാരവിളംബരം ഇൻഡ്യയുടെ നാനാഭാഗത്തും പലവിധ വിമർശനങ്ങൾക്കും ഇടയാക്കിയെങ്കിലും ഇവിടത്തെ പൌരാവലി അതിനെ സസന്തോഷം സ്വീകരിക്കയാണുണ്ടായതു്. അതുകൊണ്ടു് സംതൃപ്തരായിട്ടല്ല, പരിപൂർണ്ണോത്തരവാദിത്വഭരണത്തിന്റെ നാന്ദിയാണതു് എന്നുള്ള ബോദ്ധ്യത്താൽ മാത്രമാണു് ഞങ്ങൾ അതു് സ്വീകരിച്ചതു് എന്നു് വീണ്ടും വീണ്ടും അനുസ്മരിപ്പിക്കേണ്ടിവരുന്നതു് പരിതാപകരംതന്നെ. ഞങ്ങളുടെ ആ ബോദ്ധ്യം അടിസ്ഥാനരഹിതമായിരുന്നില്ലെന്നു് അന്നത്തെ ദിവാൻ പ്രസിഡണ്ടിന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടുതന്നെ മനസ്സിലാക്കാം. "I have not the slightest doubt that if this measure of good-will evinced in this House is maintained, you would certainly pay the way for an era of responsible Government in Cochin" എന്നാണു് ഈ മന്ദിരത്തിൽവച്ചു തന്നെ ദിവാൻ പ്രസിഡണ്ടു് പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ അനുഭവം അങ്ങിനെയല്ലാതായി തീർന്നിരിക്കുന്നു. വീണ്ടും വീണ്ടും ആവശ്യപ്പെട്ടിട്ടും യാതൊരു ഭേദവും ഗവൺമെണ്ടിന്റെ ഭാവത്തിനു കാണുന്നില്ല. ആറാമത്തെ നിയമസഭയായ ഈ സഭയുടെ ഉല്ലാദനത്തിലെങ്കിലും കായ്മായി എന്തെങ്കിലും പ്രവർത്തിക്കുമെന്നു് ഇന്നാട്ടിലെ പൌരാവലി പ്രതീക്ഷിച്ചിരുന്നു. എന്നാൽ ദിവാൻ പ്രസിഡണ്ടിന്റെ ബഡ്ഡറ്റ പ്രസംഗത്തിൽ ഒരക്ഷരംപോലും ഇതിനെക്കുറിച്ചു് സംസൂചിക്കാതിരുന്നതു പരിതാപകരമായിപോയി എന്നദ്ദേഹം മനസ്സിലാക്കേണ്ടതാണു്.

അധികാരം എത്രതന്നെ കൈവന്നാലും തൃപ്തി അടയാത്ത മനുഷ്യഹൃദയത്തിനു ന്യായമായി സിദ്ധിക്കേണ്ട അവകാശം ലഭിക്കാതിരുന്നാലുള്ള സ്ഥിതി എന്തായിരിക്കുമെന്നു് ആലോചിച്ചു നോക്കേണ്ടതാണു്. ഞങ്ങളുടെ മഹാരാജാവു തിരുമനസ്സിലേക്കു്, ഞങ്ങളുടെ പൊന്നുതമ്പുരാനു് ഭരണകാര്യങ്ങളിൽ ഉപദേശം നല്കുവാനുള്ള ചുമതല ഞങ്ങളുടേതാണു് (ഹിയർ, ഹിയർ). അതിനു പ്രാപ്തരായവർ ഞങ്ങളിലുണ്ടു്. അവർ അവരുടെ യോഗ്യത പ്രദർശിപ്പിക്കുന്നതിനു അന്യനാട്ടുകളിൽ സ്ഥലം അന്വേഷിക്കേണ്ടിവന്നിരിക്കുന്നു. അതേ സമയം ഇവിടെ അന്യനാട്ടുകാർ സ്ഥലം പിടിച്ചിരിക്കുന്നു. ഇതു ഞങ്ങളുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലേയും അവിടത്തെ പ്രജാസഞ്ചയത്തിന്റേയും അഭിമാനത്തിനു യോജിച്ചതല്ല. ഞങ്ങളുടെ മഹാരാജാവു തിരുമേനിയെ ഉപദേശിക്കുന്നവർ ഈ സഭയോടും അതുവഴി അവിടത്തെ പ്രജകളോടും ഉത്തരവാദപ്പെട്ടവർ ആയിരിക്കണം. എന്നാലെ നാട്ടിൽ ക്ഷേമം കൈവരുകയുള്ളു. എന്നാൽ മാത്രമേ നാടിന്റെ മാനം സംരക്ഷിക്കപ്പെട്ടുകയുള്ളു. ഈ തത്വത്തെ സർ ഷൺമുഖം എത്രമാത്രം മാനിച്ചിരുന്നു എന്നു് ഫൻസുവ ഏപ്രിൽ ൧-ാംനു നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽനിന്നു മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞിരിക്കുന്നു. "..... though technically the Diwan may not be responsible to the House, in the sense that his holding of office will not depend upon the vote of this House, yet, it will be my intention to sell that in practice, I would so conduct the administration of the reserved field, as if the Diwan is responsible to the legislature".

സർ, നിയമസഭയുടെ ശ്രദ്ധയെ രണ്ടുവഴിക്കു തിരിച്ചു വിടുന്നതിനും അതുവഴി ഉദ്യോഗസ്ഥമേധാവികൾക്കു് വിമർശനങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനും മാത്രമേ ഇന്നത്തെ ദ്വിഭരണസമ്പ്രദായം പ്രയോജനമായിട്ടുള്ളുവെന്നുള്ള പൊതുജനാഭിപ്രായത്തിൽ ഏതാണ്ടു് പരമാർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടെന്നു വകവെച്ചുകൊടുക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഈ നിലക്ക് ഒരു മാറ്റം വരുത്തേണ്ടതു് അത്യാവശ്യമാണു്. പരിപൂർണ്ണോത്തരവാദിത്വഭരണമല്ലാതെ ഇതിനൊരു പരിഹാരമാർഗ്ഗവുമില്ല. ജീവിക്കുവാനുള്ള കഷ്ടപ്പാടുകൾ നിമിത്തം കൊലയും കളവും നടത്തുന്നവരെ അഹിംസാനിരതരാക്കുവാൻ, അഹിംസാപ്രസംഗത്തേക്കാൾ ഹിംസക്കു് പ്രേരകമായ പരിതഃസ്ഥിതികളുടെ ദൂരീകരണമാണു് ഏറ്റവും ആവശ്യമായിരിക്കുന്നതു്.

ദിവാൻ പ്രസിഡണ്ടിന്റേയും ധനകാര്യമെമ്പരുടേയും ബഡ്ജറ്റു പ്രസംഗങ്ങളിൽ യുദ്ധാനന്തര പുനഃസംവിധാന പദ്ധതികളെപ്പറ്റി വളരെയെല്ലാം പറയുകയുണ്ടായി. യുദ്ധവിജയത്തിന്നായി ചെയ്ത ത്യാഗം യുദ്ധാനന്തരലോകത്തിലെ സൌഭാഗ്യത്തക്കർഹത നല്കുന്നതു് ശരിതന്നെ. എന്നാൽ എന്തിനായിരുന്നു ഈ യുദ്ധം? സ്വേച്ഛാധിപത്യത്തെ ഉൻമൂലനം ചെയ്തു് ജനാധിപത്യാദർശങ്ങളെ സുപ്രതിഷ്ഠിതമാക്കുന്നതിനായിരുന്നു യുദ്ധമെന്നു സങ്കലിതരോടൊപ്പം എത്രയൊ തവണ ഞങ്ങളും ഉൽഘോഷിച്ചിട്ടുണ്ടു്. ഞങ്ങളുടെ കഴിവിൽ കവിഞ്ഞു് ആളുകൊണ്ടും അർത്ഥംകൊണ്ടും യുദ്ധവിജയത്തിന്നായി ഞങ്ങളും പരിശ്രമിക്കുകയും ചെയ്തു. പക്ഷെ ഏതൊരു ആദർശസ്ഥാപനത്തിന്നായി യുദ്ധം നടന്നുവൊ ആ ആദർശത്തെ സംബന്ധിച്ചിടത്തോളം ഭയങ്കരമായ മൂകതയാണു് ഇവിടെ അവലംബിച്ചു കാണുന്നതു്. പുനഃസംവിധാനപദ്ധതികളുടെ പ്രയോഗികതയും രാജ്യത്തിന്റെ ഉൽക്കർഷത്തിന്നും ഭരണഭാരം ജനകീയ ഹസ്തങ്ങളിൽ ഏല്പിക്കുകയാണു് അത്യന്തമെന്നു ബഹുമാനപ്പെട്ട ഗവൺമെണ്ടു മനസ്സിലാക്കാത്തതു ശോചനീയമാണു്.

ഈ രാജ്യത്തിൽനിന്നു യുദ്ധസേവനത്തിന്നായി പുറമെ പോയിരിക്കുന്ന ബഹുസഹസ്രം ജനങ്ങൾ തിരിച്ചു വരുമ്പോൾ അവക്കു ജോലി കൊടുക്കുന്നതിനും ജീവിത സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആയിട്ടാണല്ലോ പുനഃസംവിധാനപദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നതു്. അതു നല്ലതുതന്നെ. പക്ഷെ ഒരു വലിയ സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടു വിസ്മരിച്ചിരിക്കുന്നു. പുറമെപോയി വിവിധജന സമുദായങ്ങളുമായി സമ്പർക്കത്തിലേർപ്പെടുകയും ആശയവിനിമയം നടത്തുകയും, നവീനങ്ങളായ ജീവിതാദർശങ്ങളും വ്യവസ്ഥിതികളുമായി പരിചയപ്പെടുകയും ആവേശജനകങ്ങളായ ചിന്താഗതികൾക്കു് വിധേയരാകുകയും ചെയ്തു. നവീനവും പ്രബുദ്ധവുമായ ഒരു വീക്ഷണഗതിയോടുകൂടിയായിരിക്കും അവർ തിരിച്ചു വരുന്നതു്. അവരുടെ ശാരീരികമായ വിശപ്പിനേക്കാൾ മാനസികതൃഷ്ണ അധികമായിരിക്കുമെന്നതിനു് സംശയമില്ല. പട്ടിണിമാറ്റാനും നഗ്നത മറക്കാനും മാത്രമല്ല നാം ശ്രമിക്കേണ്ടതു്. അടക്കിയാൽ അടങ്ങാത്തതായ ഈ സ്വാതന്ത്ര്യതൃഷ്ണക്കു്, അമർത്തിയാൽ അമരാത്തതായ ഈ പരിപൂർണ്ണ വളർച്ചക്കുള്ള വിശപ്പിനു, ഒരു ശമനമാർഗ്ഗം കാണണം. ധീരരായ ഭടന്മാരും നിസ്തുലങ്ങളായ ത്യാഗങ്ങളും സഹിച്ചു സിവിലിയൻ ജനതയും അനുഷ്ഠിച്ച സേവനത്തിനു് തക്കതായ പ്രതിഫലം കൊടുക്കണം. മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിനു വിധേയമായി പ്രായപൂർത്തി വോട്ടവകാശത്തോടും ന്യൂനപക്ഷസമുദായ സംരക്ഷണ വ്യവസ്ഥകളോടുംകൂടി പരിപൂർണ്ണ ഉത്തരവാദിത്വഭരണം നടപ്പാക്കുന്നതിൽ കവിഞ്ഞു് കാമ്യമായൊരു പദ്ധതിയെപ്പറ്റി നാം ആലോചിക്കേണ്ടതില്ല.

സർ, ജനസംഖ്യയിൽ ർ്ര ശതമാനം സാക്ഷരതപോലുമുള്ള ഒരു രാജ്യത്തു്, ർ ദിനപ്പത്രങ്ങളും ്ര്ന വാരികകളും ്ര വ്യ സഞ്ചികകളും നടന്നുവരുന്ന ഒരു രാജ്യത്തു്, പ്രായപൂർത്തിവന്ന സകല സ്ത്രീപുരുഷന്മാരുടേയും സമ്മതിദാനത്താൽ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ ഭരണകൂടം നിയന്ത്രിക്കണമെന്നു് ആവശ്യപ്പെടുന്നതിൽ അനൌചിത്യമുണ്ടെന്നു തോന്നുന്നില്ല. ജനങ്ങളിൽ രാഷ്ട്രീയബോധം വളർന്നിട്ടില്ലെന്നു ഇനി പറയുന്നതിൽ അർത്ഥമില്ല. സമുദായത്തെ ചോരകൊടുത്തു് പോഷിപ്പിച്ചു സ്വയം അല്പപട്ടിണിയായി കഴിഞ്ഞുകൂടുന്ന കൃഷിക്കാരന്റേയും രാഷ്ട്രത്തിന്റെ നഗ്നത മറച്ചും സ്വയം അല്പനഗ്നനായി ജീവിക്കുന്ന തൊഴിലാളിയുടെയും വിശ്വാസമർഹിക്കുന്നവർ ഭരണം നടത്തണം. അവരുടെ ക്ലേശങ്ങളിൽ സഹതപിക്കുമെന്നു അവക്കു ബോദ്ധ്യമുള്ള അവരുടെ ദുരിതങ്ങൾ ശമിപ്പിക്കുമെന്നു അവർ വിശ്വസിക്കുന്ന, അവരുടെ അഭിലാഷങ്ങൾ നിവർത്തിക്കുമെന്നു അവർ മനസ്സിലാക്കിയിട്ടുള്ള മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനും, അവരോടുത്തരവാദിത്വമുള്ള നേതാക്കന്മാരാൽ ഭരിക്കപ്പെടുന്നതിനുള്ള അവകാശം അവക്കു അനുവദിച്ചുകൊടുക്കണം. തൊഴിലില്ലാതെ വയറുപൊരിയുന്ന തൊഴിലാളിവർഗ്ഗം അവരുടെ പ്രാഥമിക ജീവിതാവശ്യമാകുന്ന വേലയും വേലക്കൂലിയും ആവശ്യപ്പെടുമ്പോൾ, ജോലി ചെയ്തു ചോരനീരാക്കുന്ന കർഷകൻ അല്പപട്ടിണിയിൽനിന്നും അല്പനഗ്നതയിൽ നിന്നും മോചനത്തിന്നായി മുറവിളി കൂട്ടുമ്പോൾ പല പദ്ധതികളും തയ്യാറാക്കിട്ടുണ്ടെന്നു പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

അടങ്ങിയിരിക്കുവാൻ, അവരോട് ഉത്തരവാദിത്വമുള്ള—അവരുടെ വോട്ടുകൊണ്ട് കൂടി അധികാരത്തിൽവരുന്ന—ഒരു ഗവൺമെണ്ടിനു സാധിക്കുകയില്ല. അമാന്തം കൊണ്ടോ അനാസ്ഥകൊണ്ടോ, അപ്രാപ്തികൊണ്ടോ ആ കടലാസ്സുകൾ അങ്ങോട്ടും ഇങ്ങോട്ടും പറന്നു കളിക്കുവാനൊ പിന്നീട് ഒരിക്കലും പുറത്തെടുക്കപ്പെടാത്ത വിധം അലമാരകളിൽ നിക്ഷേപിക്കപ്പെട്ടുന്നതിനൊ കഴിയുന്നതുമല്ല.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ബ്രിട്ടിഷിൻഡ്യയിലേതുപോലെ കുത്തു മരടിച്ചു സമുദായ പ്രശ്നങ്ങളൊ സ്ഥാപിത താല്പര്യക്കാർക്കു ന്യൂനപക്ഷങ്ങളുടെ മേൽ കുതിര കേറുവാൻ പറ്റിയ സാഹചര്യങ്ങളൊ ഇവിടെ കുറവാണെങ്കിലും ന്യൂന പക്ഷസമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനു ആവശ്യമായ വ്യവസ്ഥകൾ ചെയ്തു കൊടുക്കേണ്ടതു് ഏതു ഗവൺമെണ്ടിന്റേയും കടമയാണു്. ഭൂരിപക്ഷ സമുദായങ്ങൾ അതിൽ വൈമനസ്യം പ്രദർശിപ്പിക്കുമെന്നു കരുതുവാൻ കാരണമില്ല.

ഈ സഭ മുഴുവൻ ഭൂരിപക്ഷത്തോടെ ഈ പ്രമേയം പാസാക്കുമെന്നതിൽ സംശയമില്ല. അതു പോര, എതിരില്ലാതെ പാസാക്കണം. ചുമതലപ്പെട്ടവർ ജനങ്ങളുടെ ഈ ആവശ്യം കലുഷിതമില്ലാതെ മഹാരാജാവു തിരുമനസ്സിലെയെ അറിയിക്കണം. സ്നേഹത്തിന്റേയും സംതൃപ്തിയുടേയും ഒരു സന്ദേശം—മനുഷ്യത്വത്തിന്റെ സന്ദേശം—കൊച്ചിയിൽ ഉത്തരവാദിത്വഭരണം നടപ്പാക്കിയെന്ന സന്ദേശം—ഞങ്ങളുടെപൊന്നു തമ്പുരാൻ പ്രദാനം ചെയ്യുന്നതിനു തിരുമനസ്സിലെയോടുപദേശിക്കണം. മഹാമനസ്കനായ അവിടുന്നു അവിടത്തെ പ്രജകളുടെ ആവശ്യം നിറവേറാതിരിക്കുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. K. Balakrishna Menon *(Cheruthuruthi):* It is with considerable reluctance that I support this resolution; but all the same I support it. Not because I don't want Responsible Government, but because I know that this resolution is not going to bear any fruit. This is not the first of its kind. If I remember correctly, ever since this Council came into being resolutions after resolutions have been passed unanimously by this Council with all the fervour and Parliamentary eloquene that will favourably compare with that of the Bruke & Sheridan. It would appear, Sir, that Government have been telling us as a sort of college students dabbling in politics, here, forgetting the fact that we are the representatives of the people, and that the opinion that we voice here is not the opinion of our own, but the opinion of the masses. I may also say, Sir, on our part there is also the proper want of consciousness of the soveriegn strength that is vested in us. I believe the sense of proportion demands that consciousness with our own dignity we should not have made any demand of this kind more than once. We should have in other words stopped talking and started doing. *(Hear, hear).* I at this juncture suggest a course to Hon'ble Members of this House and that is this. It may be difficult for us to organise the villagers, it may be difficult for us to organise the masses and then fight the Government out, I say at this moment, but it is very easy for us to put our heads together and chalk out a line of action and do something tangible. No doubt, Sir, on domestic issues there are differences between ourselves and that perhaps is the reason for the alignment of purpose. I would suggest to the Hon'ble Members as it appears to me that the best course for us will be hereafter, if before the next session of the Council Government are not prepared to grant Responsible Government, to throw out every demand. *(Hear, hear and continued laughter).* No doubt I am aware of the power of certification. Indeed it is their hope of enjoying. But I put it to them that there is a more dangerous enemy, an enemy which will not give quarters, that is Time, Time which goes before anybody chucking out all obstacles in its path, before which everything else has to go which has neither friend nor foe. It was 25 years ago, when I was reading Indian History as a student one particular observation in the words of an American appeared in it. The observation is this: "So long as there is Monsoon, it is not the concern of the Indian as to which is the Government, let it be Mohammedan or English" But to-day in 1945 that order is reversed. It is this happy frame of mood that has released, ideas which shape the very nature of human society and even the Government have permitted the ideas in every nook and corner, by drawing thousands and thousands of our young men for your military services. They are there defending Malaya or the jungles of Assam or Burma. Their horizon was limited. But to-day their vision is enlarged. If it is not on the part of nature the first rudiment in political revolution, all that is required on the part of the Government is only to follow the policy of the "Blind Man's Bluff". In the meanwhile under the discontent, of social inequity, economic inequity and

LIBRARY ARCHIVES Kerala Legislative Assembly

political serfdom helped on by the Monsoons, by the evergrowing problems of unemployment which I am sure, you will not be able to tackle. The powder will be getting dry and the spark will be supplied from the mouth of an orator which would explode it in the exhibition of a Government of the people, by the people and for the people. That is the right thing. You may take of its results if you care, you may flout it if you dare.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: മിസ്റ്റർ ഡെപ്യൂട്ടി പ്രസിഡണ്ട്, സർ, ഈ പ്രമേയം സാധാരണ ഒരു ചടങ്ങുപോലെ ഓരോ നിയമസഭയിലും അവതരിപ്പിക്കാറും പാസ്സാക്കാറും പതിവുണ്ട്. സാധാരണ പൊതുയോഗങ്ങളിലും മറ്റും രാജഭക്തി പ്രമേയം അവതരിപ്പിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റുനിന്നു അതു പാസാക്കുന്ന ഒരു ചടങ്ങുണ്ട്. അവിടെ ഭക്തി ഇല്ലെങ്കിൽതന്നെയും എഴുന്നേറ്റുനിന്നാൽമതി, വലിയഭക്തന്മാരായി എന്നു കാണിക്കാം. ഇതുപോലെ വല്ല അനുശോചന പ്രമേയം പാസാക്കുമ്പോഴും എല്ലാവരും എഴുന്നേറ്റു നില്ക്കാറുണ്ട്. അതു പോലെയാണ് ഈ നിയമസഭയിൽ ഉത്തരവാദിത്വഭരണ പ്രമേയങ്ങൾ വരുമ്പോൾ എല്ലാവരും എഴുന്നേറ്റുനിന്നു പാസാക്കുന്നതു്. (ചിരി) പക്ഷെ അതോടൊപ്പം തന്നെ നമ്മുടെ ട്രഷറിബഞ്ചിലെ അംഗങ്ങളും എഴുന്നേറ്റുനിന്നു് ഇതിനോടു സഹകരിക്കുന്നതു് വെറുമൊരു പ്രഹസനാഭിനയത്തിനു വേണ്ടി മാത്രമാണു്. അവർ അഭിനയത്തിനുവേണ്ടി ഇതിനോടു സഹകരിക്കുന്നുണ്ടെങ്കിലും അതിനെ പ്രയോഗത്തിൽ കൊണ്ടുവരുവാൻ അവരിൽ ഒരോറ്റ ആൾക്ക്പോലും മനസ്സിൽ ആഗ്രഹമില്ല. അതാണു് ഈ പ്രഹസനത്തിലേ ഏറ്റവും ഭയങ്കരമായ കാര്യം! പ്രമേയം പാസാക്കി കുറെദിവസം കഴിഞ്ഞാൽ "കൊച്ചിയിലെ ജനങ്ങൾക്കു രാഷ്ട്രീയമായ കാര്യങ്ങളിൽ ഇന്നും മലകടിമാറാത്ത പൈതങ്ങളാണു്. അവർ വളർന്നുവരട്ടെ, അപ്പോൾ ഉത്തരവാദിത്വഭരണം കൊടുക്കേണ്ടകാര്യത്തെക്കുറിച്ചു് അനുഭവപൂർവ്വം ആലോചിക്കാം". എന്നൊരു മറുപടിയും കിട്ടും. അടുത്ത നിയമസഭയിൽ പിന്നീടും ഈ മാതിരി പ്രമേയംവരും. ചടങ്ങുപോലെ അതും എല്ലാവരും എഴുന്നേറ്റുനിന്നു പാസാക്കും. പിന്നെയും കുറെക്കഴിയുമ്പോൾ ഒരു പ്രമേയം കൊണ്ടുവരും. അതും എല്ലാവരുടെയുംകൂടി ബഹുമാന പുരസ്സരം എഴുന്നേറ്റു നിന്നു പാസാക്കും. ഈ മാതിരിയുള്ള ആത്മാർത്ഥതയില്ലാത്തമായ ഒരു പ്രഹസനാഭിനയം ഇനി ഗവർമ്മേണ്ടു് തുടർന്നുകൊണ്ടുപോകുവാൻ ഞങ്ങൾ സമ്മതിക്കുകയില്ല. ഉത്തരവാദിത്വഭരണം അടുത്തുതന്നെ ഉണ്ടായിക്കാണണമെന്നു് ഞങ്ങൾക്കു് നിർബ്ബന്ധമുണ്ടു്. സർ, ഫ്രൻസു വു-ലാണു് ഈ രാജ്യത്തു് ഭരണപരിഷ്കാരമുണ്ടായതു്. ഫ്രൻസു വു-ൽ ബ്രിട്ടീഷിന്ത്യയിൽ കോൺഗ്രസ്സു മന്ത്രിസഭ വന്നപ്പോൾ കൊച്ചിയിലും ഭരണ പരിഷ്കാരത്തിനുവേണ്ടിയുള്ള പ്രക്ഷോഭണത്തിനു ശക്തികൂടി. കൊച്ചിയിലെ രാഷ്ട്രീയ സിംഹം എന്നപേർ കേട്ട നമ്മുടെ അന്നത്തെ നേതാവിന്റെ ഗർജ്ജനം കൊണ്ടു് മണി കണ്ണനാലിന്റെ ഓരോ ഇലയും വിറച്ചുതുടങ്ങി. കൊച്ചിരാജ്യമെങ്ങും മാറ്റൊലിക്കൊണ്ടു് ആ ഗർജ്ജനം ഈ നിയമസഭയിലും പ്രതിധ്വനിച്ചു. ഗവർമ്മേണ്ടിനു് അതു് വളരെ കണ്ണുകടോരമായിത്തോന്നി. ആ പ്രക്ഷോഭണത്തിന്റെ ഫലം എന്തായിരിക്കുമെന്നു് മുൻകൂട്ടി കണ്ടറിയുവാൻ തക്കവണ്ണമുള്ള സർ, ഷണ്മുഖമായിരുന്ന അന്നത്തെ ദിവാൻ. ബ്രിട്ടീഷുകാരുടെ ഭരണ തന്ത്രത്തിൽ പരിചയവും വൈഭവവും നേടിയ അദ്ദേഹം ഈ പ്രക്ഷോഭണം നീണ്ടു നില്ക്കുവാൻ അനുവദിച്ചാൽ ഉണ്ടാകുന്ന ദോഷം നേരത്തേതന്നെ മനസ്സിലാക്കി അതിനെ ശമിപ്പിക്കുവാനായി ഒരു ചെറിയ മിഠായിക്കഷണം എടുത്തുകാണിച്ചുകൊടുത്തു. ആ മിഠായിക്കഷണമാണു് അന്നു നമുക്കുലഭിച്ച ഈ മന്ത്രിസ്ഥാനം! ഇതുകൊണ്ടു് അന്നത്തെ പ്രക്ഷോഭണക്കാരിൽ ചിലർ തൃപ്തിപ്പെട്ടു. മറ്റു ചില തീവിഴുങ്ങികളെ താസിൽദാർമാരായും ജഡ്ജിമാരായും അങ്ങോട്ടും മിങ്ങോട്ടും പറഞ്ഞയച്ചു. ചില പ്രത്യേക സമുദായങ്ങൾക്കു് അവർ പ്രക്ഷോഭണത്തിൽ സജീവമായ പങ്കെടുക്കുന്നതെന്നു് വിചാരിച്ചു് ചില ഉദ്യോഗങ്ങളും സൃഷ്ടിച്ചു സമ്മാനിച്ചു. ഭാവിയിലും ചില ആനുകൂല്യങ്ങൾ നൽകാമെന്നുള്ള ഒരു സൂചനയും കൊടുത്തു. അതോടുകൂടി കുറച്ചു കാലത്തേയ്ക്കു് ആ പ്രക്ഷോഭണമെല്ലാം ശാന്തമായി. ഈ ഭരണ പരിഷ്കാരപ്രകാരം മന്ത്രിസ്ഥാനം കയ്യേറ്റ ആ മന്ത്രിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ എന്തെല്ലാമാണു് എന്നറിയുവാനുള്ള സദുദ്ദേശത്തോടുകൂടിയായിരിക്കാം അന്നത്തെ ജനകീയകക്ഷിയും അതിന്റെ നേതാവും അതു സ്വീകരിച്ചതു്. അതിൽ ഞങ്ങൾക്കു് ആക്ഷേപമില്ല. പക്ഷെ, ഈ മന്ത്രിയുടെ അധികാരം വളരെ പരിമിതമാണു്—തുച്ഛമാണു്. ഇതിന്റെ പൊള്ളത്തരവും അധികാരശൂന്യതയും ഇതുയും കൊല്ലങ്ങൾക്കുള്ളിൽ ജനങ്ങൾക്കു് പരിപൂർണ്ണമായും ബോദ്ധ്യമായിക്കഴിഞ്ഞിട്ടുണ്ടു്. പ്രത്യക്ഷത്തിൽ നോക്കുകയാണെങ്കിൽ നമ്മുടെ ബഹുമാനപ്പെട്ട ജനകീയ മന്ത്രിയ്ക്കു് കാരുണ്യമേറിയ ഗവർമ്മേണ്ടു വലിയ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനമാനങ്ങളെല്ലാം കല്പിച്ചുനവദിച്ചിട്ടുണ്ട്. അദ്ദേഹം ഈ നിയമ സഭയിലെ Leader of the House ആണെന്നാണ് വയ്പ്. വല്ലരാജകീയ ആഡംബരങ്ങളുമുണ്ടെങ്കിൽ ദിവാൻജി യുടേയും ചീഫ് ജസ്റ്റിയുടേയും ഇടക്ക് അദ്ദേഹത്തിനു് ഒരു കസേരയും കല്പിച്ചുനവദിച്ചിട്ട ണ്ട്. അതും ഒരു പടവെട്ടലിനുശേഷം. (ചിരി) പിന്നീട്, നാഷനൽവാർഫണ്ടുണ്ടായിരു ന്ന കാലത്തു് അദ്ദേഹത്തെ അതിന്റെ സ്ഥിരം ലീഡറായി പ്രതിഷ്ഠിച്ചിരുന്നു. പക്ഷെ, അ തു നിറുത്തിയപ്പോൾ ആ സ്ഥാനവും ഇല്ലാതായി. ഇക്കൊല്ലം ന,ഫ ഭ, ം ം ം ക പില വു ചെയ്യുവാനുള്ള അവകാശം അദ്ദേഹത്തിനു കൊടുത്തിട്ടുണ്ട്. എന്നാൽ ആ പണത്തോ ടൊപ്പം തന്നെ അതു് ഇന്നയിന്ന ആവശ്യങ്ങൾക്കു് വിനിയോഗിക്കണമെന്നു കാണിച്ചു് ഒരു വലിയ ലിസ്റ്റും ഗവമ്മേണ്ടു കൊടുത്തിട്ടുണ്ട്. ഗവമ്മേണ്ടു് കൊടുത്തിട്ടുള്ള ലിസ്റ്റു പ്ര കാരം ചിലവാക്കുന്നതിനു് ഒരു സംഖ്യ ബഹുമാനപ്പെട്ട മന്ത്രിയെ ഏല്പിക്കുന്നതിനേക്കാൾ നല്ലതു്, അതു് ഏതെങ്കിലും ഒരു ബാങ്കിലെ ക്ലർക്കിനെ ഏല്പിക്കുകയല്ലായിരുന്നോ എന്നാണു് ഞങ്ങൾക്കു ചോദിക്കുവാനുള്ളതു്. ഫ ഫ ഫ-ൽ ഒരു മന്ത്രിയെ ഇവിടെ ഏർപ്പെടുത്തിയ പ്പോൾ, ആ ഭരണ പരിഷ്കരണത്തെപ്പറ്റി ആ രാജ്യമാസകലം വളരെ കൊട്ടഘോഷിച്ചു. ഉ ത്തരവാദ ഭരണത്തിന്റെ പേരിൽ നമ്മുടെ തലയിൽ കെട്ടിവെച്ചതന്ന ഈ മന്ത്രിക്കു് എ ന്താണധികാരമുള്ളതു് എന്നുള്ളതിനെക്കുറിച്ചു് ഒന്നു ചുഴിഞ്ഞുനോക്കുന്നതു് വളരെ രസാവ ഹമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രിതന്നെ കഴിഞ്ഞനിയമസഭയിൽ ഒരു ചോദ്യത്തിനു സമ്മതിക്കുകയുണ്ടായി അദ്ദേഹത്തിനു് ഒരു വില്ലേജു ശിപായിയെപ്പോലും ഡിസ്മിസു ചെ യ്യുവാനുള്ള അധികാരമില്ലെന്നു്. അതായതു് ഒരു ഡിപ്പാർട്ടുമെന്റു് മേലദ്ധ്യക്ഷനുള്ള അ ധികാരം പോലും നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിക്കില്ലെന്നാണു് ചുരുക്കത്തിൽ പറയുവാ നുള്ളതു്.

എന്നാണു് എന്റെ ഓർമ്മ. അല്ലെങ്കിൽ അതു ഞാൻ പിൻ വലിച്ചു.

പിന്നീട്, സർ, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെ അവഗണിച്ചുകൊണ്ടു് പല പ്രവൃ ത്തികളും ഗവമ്മേണ്ടു് ചെയ്തുകയുണ്ടായിട്ടുണ്ടു്. അതിനു് ഒന്നു രണ്ടു് ഉദാഹരണങ്ങളും ഞാൻ ഇവിടെ എടുത്തു പറയാം. ഇതിനു മുമ്പത്തെ മന്ത്രി ദേശീയ സമരനിരയുടെ ലീഡറായിരി ക്കുമ്പോൾ, കൊച്ചിയിലെ ജനങ്ങളെ ഒരു ഉല്പാദന സമരം (ചിരി) നടത്തുവാൻ ഉൽബോ ധിപ്പിക്കുകയുണ്ടായി. അതു ഭക്ഷ്യോൽപാദന സമരമാണു്, മറെറാന്നുമല്ല. (ചിരി) അദ്ദേ ഹത്തിന്റെ ആ ആഹ്വാനമനുസരിച്ചു് കൊച്ചിയിലെ അനേകം ജനങ്ങളും അവരുടെ കയ്യിലു ള്ളമുതലു മുഴവനും ഇറക്കി രാജ്യമുഴവനും കൊള്ളികുത്തിപ്പിടിപ്പിച്ചു. പാടത്തും, പറമ്പിലും, മുറത്തും, വീട്ടിലും, എന്നുവേണ്ട എവിടെ നോക്കിയാലും കൊള്ളി കുഴി. ഇങ്ങിനെ കൊള്ളി മുത്തു് ഒരു കൊള്ളിയുടെ അടിയിൽ നിന്നു് പത്തുമുപ്പതുറാത്തൽ കിഴങ്ങു് പൊട്ടിച്ചെടുക്കേണ്ട സമയം വന്നപ്പോൾ ഒരു ദിവസം രാവിലെ കൊള്ളിയുടെമൽ ഗവമ്മേണ്ടു് ഒരു നിരോധ നാജ്ഞയും പുറപ്പെടുവിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉൽബോധനമനുസരിച്ചു് ജന ങ്ങൾ നാടാകെ കൊള്ളികുത്തിപ്പിടിപ്പിച്ചു. എന്നാൽ ആ മന്ത്രിയോടു് ആലോചിക്കുക പോലും ചെയ്യാതെ അദ്ദേഹത്തിന്റെ തലയ്ക്കുമീതെക്കൂടി ഗവമ്മേൻറു് കൊള്ളിയുടെ മേൽ ഒ രു നിരോധന ാജ്ഞയും പുറപ്പെടുവിച്ചു. സപ്ലൈഡയറക്ടരുടെ പെർമിറ്റു കൂടാതെ കീഴങ്ങു പ റിക്കുകയോ വില്ക്കുകയോ സ്ഥലം മാറുകയോ ചെയ്യുവാൻ പാടില്ല എന്ന ഒരു നിരോധനാ ജ്ഞയാണുണ്ടായതു്. അതു മൂലം ഭീമമായ സംഖ്യ കൊള്ളി കുഴിക്കാക്കു് നഷ്ടപ്പെട്ടിട്ടുണ്ടു്. മന്ത്രി പറഞ്ഞു ചെയ്യിച്ച ആ കൊള്ളിയുടെ മേൽ തന്നെ മന്ത്രിയോടാലോചിക്കാതെ മന്ത്രിയു ടെ തലയ്ക്കുമീതെക്കൂടി ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചതുകൊണ്ടുതന്നെ ആ സ്ഥാനത്തിന്റെ അധികാരശൂന്യതയും, പൊള്ളത്തരവും എത്രത്തോളമുണ്ടെന്നു് നമുക്കു മനസ്സിലാക്കുവാൻ സാ ധിക്കും. ആ കല്പനമൂലം പാവപ്പെട്ട കർഷകർ എത്രമാത്രം കഷ്ടപ്പെട്ടു എന്നു് ഒരു ചെറിയ ഉദാഹരണം കൊണ്ടു് ഞാൻ ചൂണ്ടികാണിക്കുവാൻ ശ്രമിക്കാം. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പു സമയത്തു് ബഹുമാനപ്പെട്ട ഊരകം മെമ്പറുടെ നിയോജകമണ്ഡലത്തിൽപെട്ട, പറവട്ടാ നി മലഞ്ചെരുവിലുള്ള ഒരു നാട്ടിൻപുറത്തു് ഞാൻ പോകുകയുണ്ടായി. അവിടെ ധാരാളം ഏക്കർ സ്ഥലത്തു് കൊള്ളികൃഷി ചെയ്തിട്ടുണ്ടായിരുന്നു. ഒരു പാവപ്പെട്ട കർഷകൻ "ഈ കൊള്ളി നിരോധനാജ്ഞ"യുടെ ഫലത്തെപ്പറ്റി എന്നോടു് വിവരിച്ചു പറയുകയുണ്ടായി. അയാൾ തന്റെ കയ്യിലുണ്ടായിരുന്നതും തന്റെ കഴിവുകൊണ്ടുണ്ടാക്കുവാൻ സാധിക്കുന്നതു മായ മുതൽ മുഴവൻ ഇറക്കി കൊള്ളി കൃഷിചെയ്തു. അതു മുത്തുപറിക്കാറായപ്പോഴാണു് ഈ നിരോധനാജ്ഞവന്നതു്. തൽഫലമായി തന്റെ മുതൽ മുഴവനും ഇറക്കികൊള്ളിയുണ്ടാക്കി യ ആ കൃഷിവലനും ഒരൊറക്കിഴങ്ങുപോലും പറിക്കുവാൻ അധികാരമില്ലാതായി എന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ലാ ദിവസേന സന്ധ്യയാകുമ്പോൾ തുരപ്പന്മാർ കൂട്ടം കൂട്ടമായ് വന്നു് കിഴങ്ങെല്ലാം കുത്തി നശിപ്പിക്കുവാനും മാന്തിത്തിന്നുവാനും തുടങ്ങി. തുരപ്പന്മാർ തന്റെ കൺവെട്ടത്തു തന്നെ താൻ നട്ടുപിടിപ്പിച്ച കിഴങ്ങുകൾ ക്ലേശമില്ലാതെ മാന്തിപ്പറിച്ചു് കൊണ്ടുപോകുന്നതു് കണ്ടു കൊണ്ടിരിക്കുകയെ കൃഷിവലനു് നിവൃത്തിയുണ്ടായിരുന്നുള്ളൂ. കാരണം തുരപ്പനെ തല്ലിക്കൊല്ലുവാനും പാടില്ല, കിഴങ്ങു പതറിക്കിടക്കുവാനും പാടില്ല. (ചിരി) കിഴങ്ങു പതറിക്കിടക്കുന്നതു കണ്ടാൽ അവൻ കിഴങ്ങു പറിച്ചു എന്നും പറഞ്ഞു് പോലീസ്സുവന്നു് പിടിക്കുന്നതും. (ചിരി)ഇങ്ങിനെയാണു് നിരോധനാജ്ഞയുടെ ഫലമുണ്ടായതു്. തുരപ്പനെ തല്ലിക്കൊല്ലുവാൻ Defence of India നിയമം കൈപൊന്തിക്കുവാൻ അനുവദിക്കില്ല. എന്നാൽ അതു കണ്ടുകൊണ്ടിരിക്കാൻ ഹൃദയവും സമ്മതിക്കില്ല. സർ, ഇങ്ങിനെ ബഹുമാനപ്പെട്ട മന്ത്രി ആഹ്വാനം ചെയ്തു് ജനങ്ങളെക്കൊണ്ടു് കൃഷി നടത്തിച്ചു. എന്നാൽ, കിഴങ്ങു പറിയ്ക്കാറായപ്പോൾ അതിന്മേൽ മന്ത്രിയ്ക്കു് അധികാരമില്ലാതെയുമായി. ഇങ്ങിനെവരും പ്രഹസനത്തിന്നായി അധികാരമില്ലത്ത ഒരു മന്ത്രിയെവെച്ചു് ഉത്തരവാദിതഭരണത്തിന്റെ പേരിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണു് എങ്കിൽ—ജനങ്ങളെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് ഗവൺമെണ്ടിന്റെ വലിയ വ്യാമോഹമാണു്. കൊച്ചിയിലെ ജനങ്ങൾക്കു് ആവശ്യമായതും ഉടനടി നടപ്പിൽ വരുത്തേണ്ടതുമായതു് പരിപൂർണ്ണ ഉത്തരവാദിതഭരണമാണു്. പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം ഈ ഇരുപതു മെമ്പർ മാരും. അവരിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവരാൽ ആയിരിക്കണം ഭരണകൂടം നിയന്ത്രിക്കപ്പെടുന്നതു്; അതാണു് ഞങ്ങൾ ആവശ്യപ്പെടുന്നതു്. ലോകത്തിലൊട്ടാകെ വലിയ പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിലും അതിന്റെ പ്രത്യാഘാതങ്ങൾ നാം കണ്ടുതുടങ്ങിയിട്ടുണ്ടു്. നിവാ, ഒൗഡ്, ഫാൻഷ്ടർ, ഓർഷ്ലാമുതലായ നാട്ടുരാജ്യങ്ങളിൽ പരിപൂർണ്ണ ഉത്തരവാദിതഭരണം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ടു്. അവിടത്തെ മഹാരാജാക്കന്മാർ ചില പ്രത്യേക വിശേഷദിനങ്ങളിൽ ഉത്തരവാദിതഭരണത്തിനുള്ള പ്രസ്താവനകൾ ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ നമ്മുടെ പൊന്നു തമ്പുരാന്റെ വ്യാഴത്തെ ജന്മദിനവും കൊച്ചിയിൽ ഏറ്റവുമധികം ചരിത്ര പ്രസിദ്ധമായ ഒരു ദിനമാക്കിത്തീർക്കണമെന്നു് ഞങ്ങൾ വിനയപൂർവ്വം ആവശ്യപ്പെടുന്നു. ഗവൺമെണ്ടു് അങ്ങനെ ചെയ്യുമെന്നു് ഞങ്ങൾക്കു് പരിപൂർണ്ണമായ വിശ്വാസമുണ്ടു്. അവസാനമായി ഈ അഭ്യർത്ഥനയോടു് ശരിക്കു് ആത്മാർത്ഥമായ വിശ്വാസമുണ്ടെങ്കിൽ മാത്രമേ ടഴറി ബഞ്ചിലെ ആളുകൾ വോട്ട സമയത്തു് എഴുന്നേറ്റു നില്ക്കാവൂ എന്നും ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: സർ, ഈ പ്രമേയത്തെ പിന്താങ്ങുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഒന്നാമതായി ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ പല പ്രാവശ്യവും ഇതു് ഒരു ചടങ്ങ് എന്നോണം പല മെമ്പർമാരും പല കൌൺസിലിലും കൊണ്ടുവന്നു പാസാക്കിട്ടുണ്ടു്. അതിവിടെ പാസാക്കുന്നുണ്ടു്. അങ്ങിനെതന്നെ അതു് ഹജൂരിൽ പോകുന്നുമുണ്ടു്. അതു തള്ളിക്കളയുന്നുമുണ്ടു്. കഴിഞ്ഞ മിനം സെഷനിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡണ്ടു് അവർകൾതന്നെ ഇങ്ങിനെ ഒരു പ്രമേയം ഇവിടെകൊണ്ടുവരികയും ഈ സഭ ബഹുഭൂരിപക്ഷത്തോടുകൂടി അതിവിടെ പാസാക്കിയതായും റിപ്പോർട്ടിൽ കാണുന്നുണ്ടു്. എന്നാൽ അതിൽനമ്മുടെ ഗവൺമെണ്ടു് എത്ര മാപടിയാണു് നൽകിയിരിക്കുന്നതെന്നു് ഗസറ്റ് മുഴുവൻ തിരഞ്ഞിട്ടും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. പരിപൂർണ്ണ ഉത്തരവാദിതഭരണം നാട്ടുരാജ്യങ്ങളിൽ നടപ്പാക്കണമെന്ന മുറവിളി കൂടിതുടങ്ങിട്ടു നാളേറെയായി. അതിന്റെ പ്രത്യാഘാതം നമ്മുടെ രാജ്യത്തു് ഉണ്ടായിട്ടുണ്ടെന്നു ഞാൻ പറയാതെ തന്നെ ബഹുമാനപ്പെട്ട ഈ സഭക്കു അറിയാവുന്നതാണു്. അതുകൊണ്ടാണു് ഈ പ്രമേയത്തെ പിന്താങ്ങുന്നതിൽ അതിയായ സന്തോഷമുണ്ടെന്നു ഞാൻ പറഞ്ഞതിന്റെ ഒന്നാമത്തെ കാരണം. രണ്ടാമതായി ഞാൻകൂടി പ്രതിനിധികരിക്കുന്ന കൊടുങ്ങല്ലൂർ സാമാന്യ നിയോജക മണ്ഡലത്തിലെ മെമ്പർ കൊണ്ടുവന്ന ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു രണ്ടുവാക്കെങ്കിലും പറയണമെന്നുള്ളതാണു്.

സർ, അധികമൊന്നും നീട്ടിവലിച്ചു് പ്രസംഗിച്ചു് ഈ പ്രമേയത്തെ പിന്താങ്ങണമെന്നു് എനിക്കു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസത്തിൽ വളരെ വളരെ മുന്നണിയിൽ നില്ക്കുന്ന എന്നു അഭിമാനിക്കുന്ന നമ്മുടെ രാജ്യത്തു ഇപ്പോഴും പരിപൂർണ്ണഉത്തരവാദിതഭരണം നടപ്പാക്കിട്ടില്ലാ എന്ന ദയനീയമായ വാസ്തവം വിദ്യാഭ്യാസത്തിൽ സ്വതേ പിന്നിൽ നില്ക്കുന്ന രാജ്യങ്ങളിൽ പോലും പൂർണ്ണഉത്തരവാദിതഭരണം നടപ്പാക്കിട്ടുള്ള ഇ

LIBRARY ARCHIVES Kerala Legislative Assembly

ക്കാലത്തു് നാമൊരു പരിഹാസപാത്രമായി തീരുന്നതിനുമാത്രം പയ്യാപ്പമാണു്. ഫ്രൻ ഫ്രൻ ലാണു് ബ്രിട്ടിഷിൻഡ്യയിൽ ഡയാക്കി സിസ്റ്റം നടപ്പിൽ വരുത്തിയതു്. വാസ്തവത്തിൽ അന്നത്തെ ആ പരിഷ്കാരം ഇന്നിവിടെ നടപ്പിലായിരിക്കുന്നതുതന്നെ വളരെ ലജ്ജാവഹമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസത്തിൽ വളരെ മുന്നണിയിൽ നില്ക്കുന്ന നമുക്കു് ഒന്നു കൊല്ലം പിമ്പോട്ടു മാറിയ ഒരു ഭരണ ഘടനയാണു് ഇതെന്നു മറ്റുള്ളവർ പറയുന്നതു വാസ്തവത്തിൽ പരിതാപകരമാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടും മഹാരാജാവു തിരുമനസ്സിനോടും എനിക്കു വിനീതമായ ഒരഭ്യർത്ഥനയുള്ളതു് അടുത്തുതന്നെ, നമ്മുടെ പൊന്നു തമ്പുരാൻ വൃദ്ധാംമത്തെ വയസ്സിലേക്കു കടക്കുന്ന ആ സുദിനത്തിലെങ്കിലും ഈ നാട്ടിലെപൌരാവലിക്കു പരിപൂർണ്ണ ഉത്തരവാദിത്വ ഭരണം അനുവദിച്ചു കൊടുത്തു് നാട്ടാരുടെ മുറവിളിക്കു ശമനമുണ്ടാക്കണമെന്നുള്ളതാണു്. ഇതുമായി പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിന്താങ്ങിക്കൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാനും ഈ പ്രമേയത്തെ പിന്താങ്ങുന്നു. പരിപൂർണ്ണ ഉത്തരവാദിത്വ ഭരണത്തെപ്പറ്റി ഇവിടെ പ്രതിവാദിക്കുന്നതിനു മുമ്പായിതന്നെ പ്രായപൂർത്തി വോട്ടവകാശത്തെക്കുറിച്ചു രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഇന്നിവിടത്തെ ജനങ്ങളിൽ ഒരു ന്യൂനപക്ഷത്തിനു മാത്രമാണു് വോട്ടവകാശമുള്ളതു്. ഇവിടത്തെ ജനങ്ങളുടെ പൊതുതാല്പര്യങ്ങളും നിവേദനം ചെയ്യുകയും അതു പരിപൂർണ്ണമായി സാധിതപ്രായമാക്കുകയും ചെയ്യണമെങ്കിൽ ഇവിടത്തെ എല്ലാ ജനങ്ങൾക്കും ഭരണത്തിൽ വോയിസ്സു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. ഇന്നു അതിനു കഴിവുണ്ടോ? എന്തെങ്കിലും നികുതിയോ പരീക്ഷായോഗ്യതയോ ഉള്ളവർക്കുമാത്രം വോട്ടവകാശമുള്ള. ഈ രാജ്യത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ താല്പര്യങ്ങളെ സുരക്ഷിതമാക്കുവാൻ സാധ്യമല്ല. അതിനിടയാകുന്നതിനു വേണ്ടി ഇവിടെ പ്രായപൂർത്തിവോട്ടവകാശം നടപ്പാക്കണമെന്നു ഞാൻ ആദരപൂർവം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇനിയൊരു തിരഞ്ഞെടുപ്പുണ്ടാകുന്നതിനു താമസമുണ്ടെങ്കിൽതന്നെയും ഈ കാര്യത്തിൽ ഇപ്പോഴെതന്നെ ഗവൺമെണ്ടിന്റെ ദൃഷ്ടി പതിയുവാൻവേണ്ടിമാത്രം ഞാനിവിടെ ഇതു് പ്രസ്താവിക്കുന്നതാണു്.

ഇങ്ങിനെ പ്രായപൂർത്തി വോട്ടവകാശത്തോടു കൂടിയപരിപൂർണ്ണ ഉത്തരവാദിത്വ ഭരണം ഇവിടെ ഏർപ്പെടുത്തണമെന്നുള്ളതിനാണു് ഈ പ്രമേയം. പരിപൂർണ്ണ ഉത്തരവാദിത്വ ഭരണം ഇവിടെ ഏർപ്പെടുത്തുവാൻ ഇതിനുമുമ്പു് പലേ അവസരത്തിലും ഇവിടത്തെ ജനപ്രതിനിധികൾ ഈ സഭവഴി നിവേദനം ചെയ്തിട്ടുണ്ടെന്നു എനിക്കുമുമ്പു് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു. ഇനിയും ഗവൺമെണ്ടു ഈ കാര്യം സ്വീകരിക്കുവാൻ തയ്യാറായിട്ടില്ലെന്നുള്ളതു് ഏറ്റവും ഖേദത്തോടുകൂടി സൂചിക്കേണ്ടിയിരിക്കുന്നു. ഇനിയെങ്കിലും അതിനു കാലതാമസം വരുത്താതെ കഴിയുന്നതും വേഗം പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം നടപ്പിലാക്കണമെന്നു ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ജനങ്ങളോടുള്ള ചുമതല ശരിക്കു നിർവ്വഹിക്കേണമെങ്കിൽ ജനങ്ങൾതന്നെ തിരഞ്ഞെടുത്തയക്കുന്ന ആളുകൾക്കു് ജനങ്ങളെ ഭരിക്കുന്നതിനുള്ള അവസരമുണ്ടാകണം. ജനങ്ങളോടുള്ള ചുമതല നിർവ്വഹിക്കുന്നതിനുള്ള കടമ അവർക്കു മാത്രമാണുള്ളതു്. അതിനുള്ള അഭിലാഷം അവർക്കാണുള്ളതു്. അവരുടെ അഭിലാഷവും അഭിമതവും പാലിക്കണമെങ്കിൽ തീർച്ചയായും പരിപൂർണ്ണ ഉത്തരവാദിത്വഭരണം കിട്ടണം. ഇന്നിവിടെ ഏർപ്പെടുത്തിയിരിക്കുന്ന ഉത്തരവാദിത്വഭരണം കേവലം ഒരു show മാത്രമായി തീർന്നിരിക്കുകയാണു്. അതു കൂടുതൽ പ്രയോജനകരമാകണമെങ്കിൽ പരിപൂർണ്ണ ഉത്തരവാദിത്വഭരണംതന്നെ ലഭിക്കണം. അതു് ഉടനെ അനുവദിക്കേണ്ടതുമാണു്. ഏതാനും ഡിപ്പാർട്ടുമെണ്ടുകൾ ഒരു മന്ത്രിയുടെ കീഴിലാക്കി കുറെ നാളായി ഭരണം നടത്തുന്നുണ്ടു്. ഒരു കാലത്തു് ഏതാനും ഡിപ്പാർട്ടുമെണ്ടുകൾ കൂടി വേറെ ഒരു മന്ത്രിയുടെ കീഴിലാക്കി ഇന്നത്തെ ഭരണത്തെ വികസിപ്പിക്കണമെന്നു ഈ സഭ ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ ആ നിലമാറി ഇന്നാവശ്യപ്പെടുന്നതു് പരിപൂർണ്ണ ഉത്തരവാദിത്വഭരണം നൽകണമെന്നാണു്. ഇനിയും ഏതാനും ഡിപ്പാർട്ടുമെണ്ടുകളെ ഒരു മന്ത്രിയുടെ കീഴിലാക്കിട്ടുള്ള ഭരണവികാസം ഇനി ഉണ്ടാകേണ്ട. പരിപൂർണ്ണമായതല്ലെങ്കിലും ഇന്നുള്ള മാതിരി ഒരു ഭരണം ഇൻഡ്യൻ നാട്ടുരാജ്യങ്ങളിൽ ആദ്യമായി നടപ്പാക്കിയതു് ഇവിടെയാണു്. അതുപോലെ ഇൻഡ്യൻ നാട്ടുരാജ്യങ്ങളിൽ ആദ്യം പരിപൂർണ്ണ ഉത്തരവാദിത്വഭരണം ലഭിക്കുന്ന രാജ്യവും നമ്മുടേതാകേണ്ടിയിരുന്നു. അതിനു നമുക്കു ഭാഗ്യമുണ്ടായില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അതിന്റെ അവസരം പോയിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ കാര്യം പറയുമ്പോൾ അതിനു ഇനിയും കാലമായിട്ടില്ലെന്നുള്ള മുടന്തൻ ന്യായമാണു് ഗവൺമെണ്ടു് പറയുന്നതെങ്കിൽ ഇവിടത്തെ ജനങ്ങൾക്കു പരിപൂർണ്ണ ഉത്തരവാദിത്വ ഭരണം കൊടുക്കുന്നതിനു കാലമായിട്ടില്ലെന്നു പറയുന്ന ആ ആശങ്കയും വഴി ഇല്ലെന്നു ഇതിനുമുമ്പു പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഞങ്ങൾക്കു തന്നിട്ടുള്ള ഭരണപരിഷ്കാരത്തെ ഇതരദേശങ്ങളിൽ നിശിത നിരൂപണങ്ങൾ നടത്തീട്ടുണ്ടെങ്കിലും ആ ഭരണം ഇവിടെ വിജയിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം. ഞങ്ങളുടെ ആ വിശ്വാസത്തെ ഗവൺമെണ്ടു് ധൈര്യപ്പെടുത്തണമെന്നാണു് എനിക്കു ഗവൺമെണ്ടിനോടു പറയുവാനുള്ളതു്.

ഇവിടെ ഒന്നു രണ്ടു മന്ത്രിമാർകൂടിയുണ്ടായാൽ കൂടുതൽ ചിലവുകളൊന്നും വരുകയില്ല. ഇന്നുള്ള ദിവാൻജി മാറി അതിനു പകരം ജനങ്ങളോടു ഉത്തരവാദിത്വമുള്ള മന്ത്രിമാർ ഉണ്ടാകണം. ദിവാൻജിക്കു ഇന്നു് ശമ്പളമായി കൊടുക്കുന്ന തുക തന്നെ വേണ്ടിവരുകയില്ല, ഇവിടെ രണ്ടോ മൂന്നോ മന്ത്രിമാരെകൂടി കൂടുതലായി ഉണ്ടാക്കിയാൽ.

എന്നാൽ ഒരു കാര്യം എനിക്കു് പ്രത്യേകം പറയേണ്ടതുണ്ടു്. ഇവിടെ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം ഏർപ്പെടുത്തുമ്പോൾ അവശ്യസമുദായങ്ങളുടെ താല്പര്യങ്ങൾ സുരക്ഷിതമാക്കണമെന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുന്നു. ഇവിടെ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണമുണ്ടാകുന്നതു് ഒരുപക്ഷെ കാമധേനു ആയാൽ തന്നെ അതിൽ ഇവിടത്തെ അവശലക്ഷങ്ങൾക്കു വേണ്ടിടത്തോളം പരിരക്ഷകൾ ഇല്ലാതെയുള്ള ഒരു ഭരണ പരിഷ്കാരമാണെങ്കിൽ ഞങ്ങൾ അതിനെ അനുകൂലിക്കുകയില്ല. അതിനെക്കാൾ കാമ്യമായി ഞങ്ങൾ കരുതുന്നതു് ബെനിവലൻറ് ഡെസ്പോട്ടിസിയെയാണു് എന്നു് ഈ സഭയേയും ബഹുമാനപ്പെട്ട ഗവൺമെണ്ടിനേയും അറിയിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. മോൺടേഗ് ചെംസ്ഫോർഡ് അട്ടിക്കുനസരിച്ചുള്ള ഒരു ഭരണപരിഷ്കാരമാണു് ഇന്നു് നമ്മുടെ രാജ്യത്തിവിടെ കിട്ടീട്ടുള്ളതു്. സ്വാതന്ത്ര്യം ഏതു മനുഷ്യനും അത്യന്താപേക്ഷിതമാണു്. അങ്ങിനെയുള്ള ഒരു സ്വാതന്ത്ര്യത്തെ തടഞ്ഞു നിറുത്തുവാൻ ഗവൺമെണ്ടിനൊ അല്ലെങ്കിൽ മറ്റൊരു ശക്തിക്കൊ അധികാരമില്ലാത്തതാണു്. ഈ സ്വാതന്ത്ര്യത്തെക്കുറിച്ചു് ഓരോരുത്തർക്കും മനസ്സിലാക്കിക്കൊടുക്കുക, അതു് ഗവൺമെണ്ടിനെ ബോദ്ധ്യമാക്കിക്കൊടുക്കുക, ഇങ്ങിനെയുള്ള പരിതസ്ഥിതികൾക്കു് ഉത്തരവാദിത്വഭരണമാണു് ശരിയായ ലക്ഷ്യമായിട്ടുള്ളതെന്നു് ഇന്നത്തെ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്. പ്രായപൂർത്തിവോട്ടവകാശം ഇങ്ങിനെയുള്ള ഉത്തരവാദിത്വഭരണത്തിനു അത്യന്താപേക്ഷിതമാണു്. ഇവിടെ ഉണ്ടായിട്ടുള്ള ഇലക്ഷൻ കേസ്സുകളിൽ പ്രധാനമായ ആക്ഷേപം കൃത്രിമം, അതായതു് വോട്ടർസിനു് കൈക്കൂലി കൊടുത്തു എന്നുള്ളതാണു്. പ്രായപൂർത്തിവോട്ടവകാശപ്രകാരമുള്ള തിരഞ്ഞെടുപ്പു നടക്കുകയാണെങ്കിൽ ഇങ്ങിനെ ഇത്തരം ആക്ഷേപങ്ങൾക്കു് അവകാശം ഉണ്ടാകുകയില്ല. അതുകൊണ്ടു് ഈ പ്രായപൂർത്തിവോട്ടവകാശം അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു്. ഇന്ത്യയിലെ പ്രോവിൻസുകളെ നോക്കിയാൽ സെൻട്രൽ ഗവൺമെണ്ടിലില്ല; മറ്റു സ്ഥലങ്ങളിൽ നോക്കുകയാണെങ്കിൽ ഉത്തരവാദിത്വഭരണം കുറെയെല്ലാം കാണുന്നുണ്ടു്. അവിടത്തെ ജനങ്ങൾ എന്തെങ്കിലും പറയുകയാണെങ്കിൽ അതിനെ നിഷേധിക്കുന്നതിനു് ഗവർണ്ണർക്കുമാത്രം ഒരു വിറ്റൊ പവർ ആണു് കൊടുത്തിരിക്കുന്നതു്. അങ്ങിനെയുള്ള ഒരു വിറ്റൊ പവർ നമ്മുടെ മഹാരാജാവു തിരുമനസ്സിലേക്കും ഉണ്ടായിരുന്നാൽ മതി.

ഉത്തരവാദിത്വഭരണത്തോടുകൂടി ഏതൊരു മനുഷ്യനും, വ്യക്തിപരമായ സ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണു്. മുൻ പ്രാസംഗികന്മാരിൽ ഒരാൾ പറഞ്ഞു, ഒരു തുരപ്പൻ കൊള്ളിക്കിഴങ്ങുകൊണ്ടുപോകുന്നതു കണ്ടപ്പോൾ കഷ്കനു് കണ്ണിൽനിന്നു് വെള്ളം വന്നുവെന്നു്. അതുപോലെ ചില ജനങ്ങളെ വെട്ടുവഴിയിൽനിന്നു പിടിച്ചു മാറ്റുമ്പോൾ അവരുടെ കണ്ണിൽനിന്നു് വെള്ളം വരുന്നുണ്ടെങ്കിൽ അതിനു കാരണം ഉത്തരവാദിത്വഭരണത്തിന്റെ അഭാവംതന്നെയല്ലെ? ഇങ്ങിനെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ തടയുന്നതിനുള്ള മനഃസ്ഥിതി ജനങ്ങളിൽനിന്നു് മാറാതിരിക്കുന്നിടത്തോളംകാലം, ഞാൻ വാസ്തവത്തിൽ ആലോചിക്കുകയാണു്, എങ്ങിനെയുള്ള ഉത്തരവാദിത്വഭരണം കൊണ്ടുവന്നാലും അതു് കൂടുതൽകാലം നിലനില്ക്കുമൊ എന്നു്. ഇന്നു് മനുഷ്യർക്കു് വെട്ടുവഴികളിൽകൂടി നടക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല; അവക്ക് തലയിൽ ഒരു ഭാരം വെച്ചുകൊണ്ടായാലും കഴുത്തിൽ ഒരു കാവടിവെച്ചുകൊണ്ടായാലും സ്വാതന്ത്ര്യത്തോടുകൂടി വെട്ടുവഴികളിൽ നടക്കുവാൻ പാടില്ലാത്ത, അതിനവകാശം കൊടുത്തിട്ടില്ലാത്ത, അങ്ങിനെയുള്ള പൌരവകാശം ലഭിക്കാത്ത ഒരു ഉത്തരവാദിത്വഭരണത്തെ സ്വാഗതം ചെയ്യുവാൻ ആരും തയ്യാറുണ്ടായിരിക്കുകയില്ല. എല്ലാ വ്യക്തികൾക്കും ഒരേവിധത്തിലുള്ള പൌരാവകാശം ഉണ്ടായിരിക്കുന്ന ഒരു ഉത്തരവാദിത്വഭരണത്തെ സ്വാഗതംചെയ്യുകൊണ്ടുള്ള ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മിസ്റ്റർ പി. നാരായണമേനോൻ : ഉത്തരവാദിത്വഭരണം. ഇതു് ഈ കൌൺസിൽ ഉണ്ടായ തിയ്യതി മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണെന്നും, ഇതേവരെ ആ ആവശ്യം നിറവേറ്റിതന്നിട്ടില്ലെന്നും, അതിനുള്ള അപരാധം ഗവർമ്മേണ്ടിനാണെന്നും അതുകൊണ്ടു് ആ കാര്യത്തിൽ നമ്മളെല്ലാം ഗവർമ്മേണ്ടിനെയാണ് കുറ്റപ്പെടുത്തേണ്ടതെന്നും ചിലരെല്ലാം ഇവിടെ സംസാരിച്ചുകേട്ടു. ഉത്തരവാദിത്വഭരണം നമ്മൾ വേണ്ടെന്നു് പറഞ്ഞാൽത്തന്നെയും അടുത്ത ഭാവിയിൽ തരുന്നതിനു് ഗവർമ്മേണ്ടു് നിർബ്ബന്ധിതമാകാതിരിക്കുകയില്ലെന്നുള്ള ഒരു ഘട്ടത്തിൽ ആണു് നമ്മൾ ഇപ്പോൾജീവിക്കുന്നതു്. അങ്ങിനെയിരിക്കുന്ന ഈ ഘട്ടത്തിൽപോലും ഉത്തരവാദിത്വഭരണം നമുക്കു് ലഭിക്കാത്തതു് ഗവർമ്മേണ്ടിന്റെ പേരിലുള്ള ഒരു അപരാധമാണെന്നു പറഞ്ഞാൽ കാര്യമറിയാവുന്ന സമ്മതിദായകന്മാർ വിശ്വസിക്കുമെന്നു് എനിക്കു ബോദ്ധ്യമില്ല. തന്നില്ലെങ്കിൽ മേടിക്കാനുള്ള പിലമാർഗ്ഗങ്ങളില്ലെ? ആ മാർഗ്ഗങ്ങളിൽ കൂടി നമ്മൾ ആത്മാർത്ഥതയോടുകൂടി പ്രവൃത്തിച്ചിട്ടുണ്ടോ എന്നു് ചോദിച്ചാൽ ഈ സഭയിൽ ഇന്നു സന്നിഹിതരായിട്ടുള്ള സകല പ്രതിനിധികൾക്കും ഞങ്ങൾ അതു് ചെയ്തിട്ടില്ലെന്നു് പറയേണ്ടിവരും. ഉത്തരവാദിത്വഭരണം ആവശ്യപ്പെട്ടിട്ടു് തന്നില്ലെങ്കിൽ, ഞങ്ങൾ ആവശ്യപ്പെട്ടു. തന്നില്ല, ഇനി എന്താണു് ചെയ്യേണ്ടതെന്നു് ചോദിക്കുകയല്ല, മേടിക്കുവാൻ വല്ല മാർഗ്ഗങ്ങളും ഉണ്ടോ എന്നു് ആലോചിച്ചു് മേടിക്കാനുള്ള പരിശ്രമങ്ങൾ ചെയ്യുകയാണു് വേണ്ടതു്. എനിക്കു് ഒരു സംശയമുള്ളതു് ഇത്രയും കാലം ഉത്തരവാദിത്വഭരണം ആവശ്യപ്പെട്ടിട്ടുള്ളതു് ഐകമത്യത്തോടുകൂടി, ആത്മാർത്ഥതയോടുകൂടിയാണോ എന്നാണു്. അതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, ഉത്തരവാദിത്വഭരണം അത്യാവശ്യമാണെന്നു് ജനപ്രതിനിധ്യം വഹിക്കുന്ന അംഗങ്ങളെല്ലാം ഒന്നുപോലെ വിശ്വസിക്കുന്നുവെങ്കിൽ, അതു് ഗവർമ്മേണ്ടു് തന്നില്ലെങ്കിൽ എത്രയൊമുമ്പുതന്നെ മേടിക്കുവാൻ സാധിക്കാവുന്നതാണെന്നാണു് എന്റെ വിശ്വാസം. അതിനുള്ള ശക്തിയും കഴിവുകളും നമുക്കുതന്നെയുണ്ടു്. ആ ശക്തിയും കഴിവുകളും നമ്മൾ ഇന്നുവരെ ഉപയോഗിച്ചിട്ടില്ലെന്നേയുള്ളൂ. ഉത്തരവാദിത്വഭരണം ഇത്രകാലത്തിനകം ലഭിക്കാത്തപക്ഷം ഞങ്ങൾ ഞങ്ങളുടെ കഴിവുകളൊക്കെ പ്രവർത്തിക്കുമെന്നു് ഗവർമ്മേണ്ടിനു് മുന്നറിവു് നല്കുകയും അതനുസരിച്ചു പ്രവർത്തിക്കുവാൻ നമ്മൾ തയ്യാറാകുകയും ചെയ്താൽ, ഒന്നുകിൽ നമുക്കു് ഉത്തരവാദിത്വഭരണം കിട്ടും, അല്ലെങ്കിൽ ഒരു പ്രഹസനം എന്ന രീതിയിൽ നടത്തപ്പെടുന്ന ഈ നിയമസഭ ഇല്ലാതെയാകും. ഇതിൽ ഏതാണു് വേണ്ടതെന്നു് ഈ നിയമസഭയിലെ ഓരോ അംഗങ്ങളും തീരുമാനിക്കേണ്ടതാണു്. ഉത്തരവാദിത്വഭരണം ആവശ്യപ്പെട്ടിട്ടു് ലഭിക്കാത്തപക്ഷം ഗവർമ്മേണ്ടിന്റെ സകല ഡിമാൻഡുകളും ഞങ്ങൾ തള്ളിക്കളയും, തള്ളിക്കളഞ്ഞിട്ടു് പിന്നീടു് ഗവർമ്മേണ്ടു സ്വയാധികാരമുപയോഗിച്ചു് ഭരണം മുന്നോട്ടുകൊണ്ടുപോകാനാണു് ഭാവമെങ്കിൽ കൌൺസിലിൽനിന്നു് ഞങ്ങൾ ഇറങ്ങിപോകും; എന്നിട്ടും തരുവാൻ ഭാവമില്ലെങ്കിൽ കൌൺസിലിൽനിന്നു് ഞങ്ങൾ (resign) റിസൈൻ ചെയ്യും. അപ്പോൾ സേച്ഛാഭരണം തനിച്ചാകും. ഇവർ ഈ കൌൺസിൽ ചെയ്യുന്നതു് സേച്ഛാഭരണമല്ലെന്നു് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക മാത്രമാണു്. കൌൺസിൽ ഇല്ലെങ്കിൽ, ഇതു് സേച്ഛാഭരണമാണെന്നു് പൊതുജനങ്ങളെ ധരിപ്പിക്കുന്നതിനും അങ്ങിനെ അതിൽനിന്നും രക്ഷ നേടാനുള്ള മാർഗ്ഗം ജനങ്ങൾ ആരായുന്നതിനും ഇടവരുമെന്നതാണു്. അതുകൊണ്ടു് ഈ കൌൺസിൽ, ഉത്തരവാദിത്വഭരണം അതിന്റെ സ്വന്തം ശക്തിയുപയോഗിച്ചു്, സ്വന്തം കഴിവുകൾ ഉപയോഗിച്ചു. ആത്മാർത്ഥതയോടുകൂടി പ്രവർത്തിച്ചു് സമ്പാദിക്കുവാൻ സാധിക്കാത്തപക്ഷം ഈ ഫാഴ്സു് വേണ്ടെന്നുവെയ്ക്കുക. അതിനു് വേണ്ടി ആത്മാർത്ഥതയോടുകൂടി പ്രവൃത്തിക്കുന്ന അംഗങ്ങൾ വളരെ ചുരുക്കമാണെന്നാണു് എനിക്കു തോന്നീട്ടുള്ളതു് അതുകൊണ്ടു ഉത്തരവാദിത്വഭരണം കിട്ടാത്തതിനുള്ള അപരാധം ഗവർമ്മേണ്ടിന്റെ തലയിൽ കെട്ടിവെയ്ക്കുവാൻ ഞാൻ തയ്യാറില്ല. നിശ്ചയമായും യാചിക്കുന്ന വസ്തു യാചിക്കുന്നവർക്ക് കിട്ടാറില്ല. ഒരു യാചകൻ ഒരു വീട്ടിൽചെന്നു് കുറച്ചു് കഞ്ഞി ചോദിച്ചാൽ, മറുനേകം വീടുകളുള്ളപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എന്തിനു് വന്നു വേറെ എവിടെയെങ്കിലും പോയി പൊദിക്കു്, ഇവിടെയില്ല എന്നു് പറഞ്ഞു മടക്കി അയക്കുകയാണു് പതിവു്. നേരെമറിച്ചു് ആ വിട്ടുകാരനോടു തുലനിലയിലുള്ള ഒരാളാണെങ്കിൽ ചോദിച്ചില്ലെങ്കിലും ഉണ്ണാൻ ക്ഷണിക്കും. കുറെകൂടി ഉയർന്നിലയിലുള്ള ആളാണെങ്കിൽ ഉണ്ണാൻ നിർബ്ബന്ധിക്കും. കുറെക്കൂടെ ഉയർന്ന ഒരാളാണെങ്കിൽ മരു സദ്യക്കു് തന്നെ വട്ടംകൂട്ടും. ഇതാണു് ലോകതത്വം. ഇതുവരെ നമ്മൾ യാചകന്മാരായിരുന്നു. നമ്മൾ യാചകന്മാരല്ല, തന്നില്ലെങ്കിൽ വാങ്ങിക്കാതിരിക്കുകയില്ല. അതിനു് വേണ്ടി എന്തുത്യാഗവും ചെയ്യാൻ ഐകമത്യത്തോടുകൂടി പ്രവൃത്തിക്കുമെന്നു് ഗവർമ്മെണ്ടിനു് ബോദ്ധ്യപ്പെടുന്നപക്ഷം ഉത്തരവാദിത്വഭരണം ലഭിക്കുവാൻ വലിയ വിഷമമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് എല്ലാ കൊല്ലവും പാസ്സാക്കിയതുപോലെ ഈ തവണയും ഈ പ്രമേയം പാസ്സാക്കി, നമ്മൾ അതുകൊണ്ടുമാത്രം അടുത്തകൊല്ലംവരെ തൃപ്തിപ്പെട്ടിരിക്കരുതു്. ഇതു് പാസ്സാക്കുന്നതിന്റെ ഫലമായി ഒന്നും സംഭവിക്കുവാൻ പോകുന്നില്ല എന്നുണ്ടെങ്കിൽ അടുത്തു് കാര്യപരിപാടി അനുസരിച്ചു ഇതു ലഭിക്കുന്നതിനുവേണ്ടി പ്രവൃത്തിക്കുവാൻ നമ്മൾ എല്ലാവരും ഒരുങ്ങുന്നതോണു്. ഞാൻ ആദ്യംതന്നെ ഉത്തരവാദിത്വഭരണം ഇനി വേണ്ടെന്നു പറഞ്ഞാൽതന്നെയും, ഉത്തരവാദിത്വഭരണം നല്ലുവാൻ ഗവർമ്മെണ്ടു് നിർബ്ബന്ധിതമാകും, അടുത്തദിവസം, എന്നു പറഞ്ഞു്. ഇതു അക്ഷരംപ്രതി വാസ്തവമാണു്. ജനങ്ങൾ ഇനി അടങ്ങിയിരിക്കാൻ പോകുന്നില്ല. അവർ ഇതുയും കാലം അടിമകളായി കഴിഞ്ഞുകൂടി. ഇനി മുന്നോട്ടിൽ ജനങ്ങൾക്കു് സ്വാതന്ത്ര്യം വേണം, അല്ലെങ്കിൽ വിദേശ ഗവർമ്മെണ്ടിനെ ഇല്ലാതെയാക്കണം എന്നുവെച്ചാണു് ഇന്നു ഇന്ത്യയിൽ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുന്നതു്. അതു് വിജയത്തിൽ കലാശിക്കുമെന്നാണു് എന്റെ വിശ്വാസം. അങ്ങിനെയായാൽ ഈ കൊച്ചിരാജ്യത്തിൽ ഇനിയും സേച്ഛാഭരണം നടത്താൻ സാദ്ധ്യമല്ല. അതുകൊണ്ടു നമുക്കു് വേണ്ട എന്നു പറഞ്ഞാൽതന്നെ ഗവർമ്മെണ്ടുതന്നെ പരിപൂർണ്ണ ഉത്തരവാദിത്വഭരണം നല്ലുമെന്നാണു ഞാൻ പറയുന്നതു്. എങ്കിലും നമ്മൾ അതിനായി കാത്തിരിക്കുന്നതു് നമ്മുടെ പൌരശക്തിയുടെ മൂന്നക്കം പോരായ്മയായതുകൊണ്ടു് നമ്മൾ തന്നെ പരിശ്രമിച്ചു് വാങ്ങണമെന്നാണു് എന്റെ സ്നേഹിതന്മാരായ എല്ലാപ്രതിനിധികളോടും പറയുവാനുള്ളതു്. നമ്മുടെ ഉത്തരവാദിത്വം മുഴുവൻ ഈപാസ്സാക്കിയതുകൊണ്ടുമാത്രം അവസാനിച്ചു എന്നു് വിചാരിക്കുവാൻ ന്യായം കാണുന്നില്ല. നമ്മൾ പ്രവർത്തിക്കേണ്ടതു പ്രവൃത്തിച്ചുമതിയാവു. അങ്ങിനെയുള്ള ഒരു അഭ്യർത്ഥനയോടുകൂടിയും, ഗവർമ്മെണ്ടു് ഭാവിയിൽ നടക്കുവാൻപോകുന്ന കാര്യങ്ങളെ മനസ്സിലാക്കി ഈ പ്രമേയത്തിൽ പറയുന്നപോലെയുള്ള ഒരു ഭരണം നടപ്പിൽവരുത്തി നാട്ടിലെ ജനങ്ങളെ തൃപ്തിപ്പെടുത്തുമെന്നുള്ള വിശ്വാസത്തോടുകൂടിയും ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ പ്രമേയത്തെ അതു് അർഹിക്കുന്ന വിധത്തിലുള്ള ഗൌരവത്തോടുകൂടിത്തന്നെ ഞാനും ശക്തിയായി പിൻതാങ്ങുന്നു. നമുക്കു് ഉത്തരവാദിത്വഭരണത്തിനു് കാലമായിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ചു് യാതൊരു സംശയവുമില്ല. കൊച്ചിയിലെ സർവ്വജനവിഭാഗങ്ങളും മുമ്പിലത്തേക്കാൾ രാഷ്ട്രീയമായി വളരെ അധികം ഉയർന്നു കഴിഞ്ഞിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരമില്ല. വളരെക്കാലമായി അടിമത്വത്തിലും അവശതയിലും കിടന്നു് നരകയാതന അനുഭവിച്ചിരുന്ന സമുദായങ്ങളെല്ലാം സ്വന്തം കാലിൽനിന്നുകൊണ്ടു് സംഘടിച്ചു് ഉയരാൻ തീവ്രമായി പരിശ്രമിച്ചുവരുന്ന ഒരു ലക്ഷണമാണിതു്. ഇന്നത്തെ വിദ്യാഭ്യാസകാര്യങ്ങളെ സംബന്ധിച്ചും, തൊഴിലാളിപ്രശ്നങ്ങളെ സംബന്ധിച്ചും, എല്ലാ രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചും രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങളും ശ്രദ്ധാപൂർവമായി ചിന്തിക്കാനും, ഈ പ്രശ്നങ്ങൾക്കു് പരിഹാരമുണ്ടാക്കാനും പരിശ്രമിച്ചുവരുന്നുണ്ടെന്നുള്ളതു് നിസ്സംശയമായ ഒരു കാര്യമാണു്. ഈ നിലവെച്ചു നോക്കിയാൽ കൊച്ചി പരിപൂർണ്ണ ഉത്തരവാദിത്വഭരണത്തിനു് പ്രാപ്തയായിട്ടുണ്ടെന്നുള്ളതിൽ എന്താണു് സന്ദേഹം? എന്നാൽ പരിപൂർണ്ണ ഉത്തരവാദിത്വഭരണത്തിന്റെ അഭാവത്തിൽ കൊച്ചിയിലെ തൊഴിലാളികളും അധഃകൃതരും, കർഷകരും, ഇന്നനുഭവിക്കുന്ന ദുരിതങ്ങൾ ചില്ലറയൊന്നുമല്ലെന്നു് ഇവിടെ നടന്നിട്ടുള്ള പല പ്രസംഗങ്ങളിൽനിന്നും മറ്റു സംഭവപരമ്പരകളിൽനിന്നും എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. മന്ത്രിയുടെ അധികാരം, എനിക്കു് മുമ്പു് പ്രസംഗിച്ച മിസ്റ്റർ ധാരാസിംഗ് പറഞ്ഞതുപോലെ വളരെ പരിമിതമാണു്. അതുപോലെതന്നെ കൊച്ചിരാജ്യത്തിൽ നീതിയും ന്യായവും സമാധാനവും പാലിക്കാനായി നിയുക്തമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഡിപ്പാർട്ട്മെണ്ടിന്റെ ശക്തിയും വളരെ അധികം പിന്നോട്ട പോയിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇന്നു ഈ നാട്ടിൽ കാണുന്ന മർദ്ദനങ്ങളെ സംബന്ധിച്ചും, തൊഴിലാളി പ്രശ്നങ്ങളെ സംബന്ധിച്ചും തക്കതായ സമാധാനവും നീതിയും പാലിക്കാൻ ഈ രാജ്യത്തിലെ പോലീസധികാരികൾക്കു സാധിക്കുന്നില്ല. ഒരു അധഃകൃതൻ തല്ലുകൊണ്ടു അടുത്ത പോലീസ് സ്റ്റേഷനിൽ സങ്കടം പറയാൻ ചെന്നാൽ അതിനെ സംബന്ധിച്ചു യാതൊരന്വേഷണവും നടത്താതെ അതിനു നിവാരണമുണ്ടാക്കാൻ ശ്രമിക്കാതെ പ്രതികളുടെ ഭാഗം ചേർന്നുകൊണ്ടു അവരെ പിന്നേയും മർദ്ദിക്കുക, പിന്നേയും കുഴപ്പങ്ങൾ ഉണ്ടാക്കുക എന്നുള്ള പല നടപടികളും ഇന്നു രാജ്യത്തിന്റെ പല ഭാഗങ്ങളിലും പോലീസധികാരികൾ കാണിച്ചുവരുന്നുണ്ടു്. മർദ്ദിക്കപ്പെട്ട ഏതെങ്കിലും അധഃകൃതൻ പോലീസ് കമ്മീഷണരെ സങ്കടം അറിയിച്ചാൽ അടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണു് എന്നു് മറുപടി കിട്ടും. ആ മെമ്മൊ കിട്ടി അവിടെ ചെല്ലുമ്പോൾ അവനു് കിട്ടുന്ന സമ്മാനം നല്ല പ്രഹരാദ്ധിക്ഷായമാണു്. ഇതാണു് ഇന്നത്തെ അനുഭവം. അതുപോലെ തല്ലുകൊണ്ടു് പോലീസ് സ്റ്റേഷനിൽ ചെല്ലുമ്പോൾ, അവിടെനിന്നു് തക്കതായ നടപടികൾ ഇല്ലെന്നുവരുമ്പോൾ ഡിവിഷൻ ഇൻസ്പെക്ടരെയൊ, ഡെപ്യൂട്ടി കമ്മീഷണരേയൊ, അല്ലെങ്കിൽ പോലീസ് കമ്മിഷണരേയൊ സമീപിച്ചു് അവന്റെ സങ്കടം ഉൽബോധിപ്പിക്കുന്നുണ്ടു്. അങ്ങിനെ ചെയ്യാൽ അവസാനം അവരും പറയുന്നതു് ഈ തല്ലുകൊണ്ടു് പോലീസ് സ്റ്റേഷനിൽ തന്നെ ചെന്നു് സങ്കടം പറയാനാണു്. ഇതിനെ സംബന്ധിച്ചു് പല ആവലാതികളും എന്റെ അടുത്തു് വരുകയുണ്ടായിട്ടുണ്ടു്. അധഃകൃതൻ പോലീസ് സ്റ്റേഷനിൽചെന്നു് സങ്കടം പറഞ്ഞാൽ അവിടെനിന്നു് ആട്ടി ഓടിക്കും. അടുത്ത മേലധികാരിയുടെ അടുക്കൽ സങ്കടം പറഞ്ഞാൽ ലോക്കൽ പോലീസ് സ്റ്റേഷനിൽത്തന്നെ ചെന്നു് പറയുക എന്നാണു് മറുപടി. ഇങ്ങിനെയാണു് മിക്കസ്ഥലങ്ങളിലും കണ്ടുവരുന്നതു്. എന്താണു് ഇതിന്റെയൊക്കെ അർത്ഥം? അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഇവിടെ സമാധാനം പാലിക്കാനുള്ള പോലീസ് വകുപ്പിന്റെ ശക്തിക്കു് വളരെ ഉടവു തട്ടിട്ടുണ്ടെന്നു്. ഇങ്ങിനെ എതൊരു ഡിപ്പാർട്ട്മെണ്ടിനെ എടുത്തുനോക്കിയാലും അതു് അർഹിക്കുന്ന തരത്തിൽ ഉള്ള ഒരു അന്തസ്സോ ഉത്തരവാദിത്വബോധമൊ ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. തീച്ചയായും ഇത്തരം അനാശാസ്യനടപടികൾ പരിഹരിക്കാൻ രേണം ജനകീയമാക്കണം. അതിനു് പരിപൂർണ്ണഉത്തരവാദിത്വരണം വേണം. അങ്ങിനെ അധികാരങ്ങൾ ജനങ്ങളിലേക്കു് സംക്രമിക്കണം. പതിനായിരം ലക്ഷം ജനങ്ങളുടെ പ്രാതിനിദ്ധ്യത്തോടുകൂടിയ ഒരു മന്ത്രിസഭ ഇവിടെ ഉണ്ടാകണം.

എന്നാൽ ഈ ഘട്ടത്തിൽ ന്യൂനപക്ഷസമുദായങ്ങളുടെ താല്പര്യങ്ങളെക്കൂടി സംരക്ഷിക്കേണ്ടതാണെന്നുള്ളതിൽ സംശയമില്ല. അതല്ലെങ്കിൽ പരിപൂർണ്ണഉത്തരവാദിത്വരണം കൊണ്ടു് ഞങ്ങൾക്കു് ഇന്നുള്ളതിൽ കവിഞ്ഞ യാതൊരു ഗുണവും വരാനില്ല. കാരണം ന്യൂനപക്ഷസമുദായങ്ങളാണു് ഇവിടെ അവശതകൾ അനുഭവിക്കുന്നതു്. അവർക്കാണു് ഇന്നു് ഏറ്റവുമധികം അവശതകളുള്ളതു്. അവർക്കു് ശരിയായിട്ടുള്ള പരിരക്ഷകൾ ഇല്ല എങ്കിൽ ഇന്നൊ നാളെയൊ ഉത്തരവാദിത്വരണം സ്ഥാപിതമായാലും അതു് ജനകീയമായ രണമായിരിക്കയില്ല. ഈ അഭിപ്രായത്തിലുള്ള ഉറച്ച വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊച്ചിരാജ്യപ്രജാമണ്ഡലത്തിനുവേണ്ടി ഈ പ്രമേയത്തെപ്പറ്റി രണ്ടു വാക്കു ഇവിടെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൊച്ചിയിൽ പരിപൂർണ്ണമായ ഉത്തരവാദിത്വരണം സമ്പാദിക്കാൻവേണ്ടി കൊച്ചിയിലെ ബഹുജനങ്ങളെ സംഘടിപ്പിച്ചു് ഒരു രാഷ്ട്രീയപ്രസ്ഥാനം കൊച്ചിയിലുണ്ടാക്കാൻവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണു് കൊച്ചിരാജ്യപ്രജാമണ്ഡലം. ആ സ്ഥാപനം അതിന്റെ ഏതാനും പ്രതിനിധികളെ ഈ നിയമനിർമ്മാണസഭയിലേയ്ക്കയച്ചിട്ടുള്ളതു് ആ ഉദ്ദേശ്യം സാധിക്കുന്നതിനു അവരുടെ പ്രവർത്തനം സാധിക്കുമെങ്കിൽ അതു പ്രയോജനപ്പെടട്ടെ എന്നുവെച്ചാണു്. ഇവിടെ നിത്യം നടന്നുകൊണ്ടിരിക്കുന്ന സാധാരണ സംഭവങ്ങളിൽ ഞങ്ങൾക്കു വലിയ ശ്രദ്ധയൊ, താല്പര്യമൊ ഇല്ലെന്നുള്ള വാസ്തവം ഇവിടെ പ്രകടിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ഇവിടെ ചെയ്യുന്ന ഓരോ പ്രസ്താവനകളും ഞങ്ങൾ, ഇവിടെ നടത്തുന്ന ഓരോ നടപടികളും കൊച്ചിയേയും കൊച്ചിയിലെ ജനങ്ങളേയും ഉത്തരവാദഭരണത്തിലേയ്ക്കു നയിക്കുവാൻ പര്യാപ്തമാകണമെന്നു ഉദ്ദേശ്യത്തോടുകൂടിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയം ഇതിനുമുമ്പു ഈ സഭയിൽ പലതവണ ആലോചനയ്ക്കു വരികയുണ്ടായിട്ടുണ്ടു്. ആ അവസരങ്ങളിലൊന്നും ടഷറി ബഞ്ചുകളിൽനിന്നു അതിനെ എതിർക്കയുണ്ടായിട്ടില്ല. ഈ പ്രമേയം വാദപ്രതിവാദത്തിനു വരുമ്പോൾ എനിക്കുണ്ടാകാവുള്ള ഭയം ടഷറിബഞ്ചു എതിർക്കുമൊ ഇല്ലയൊ എന്നതിനെ സംബന്ധിച്ചാണു്. കാരണം ഈ പ്രമേയം അവർ എതിർക്കുന്നില്ലെങ്കിൽ അതിനെ കുറിച്ചു അവർ ഗൌരവമായി വിചാരിച്ചിട്ടില്ല, സാരമായി കണക്കാക്കീട്ടില്ലെന്നുള്ളതാണു അതിന്റെ അർത്ഥം. ഉത്തരവാദിതപ്രഭരണം വേണമെന്നു ഈ സഭ പറയുമ്പോൾ, ഗവർമ്മെണ്ടിന്റേയും ഉദ്ദേശം അതുതന്നെ ആണെന്നു ഗവർമ്മെണ്ടു സെക്രട്ടറി പറയാറുള്ളതു സാധാരണ ആണു്. അതായതു, "സത്യം വദ ധർമ്മം ചര" എന്ന തത്വമനുസരിച്ചുള്ള ഒരു പ്രമേയം ആരെങ്കിലും അവതരിപ്പിക്കുക ആണെങ്കിൽ എത്രതന്നെ അധർമ്മചാരിയായിരുന്നാലും അതിനെ എതിർക്കയില്ല. അതനുസരിച്ചു നടന്നുകൊള്ളാമെന്നുള്ള വിചാരംകൊണ്ടല്ല അയാൾ അതിനെ അനുകൂലിക്കുന്നതു്. അങ്ങിനെയുള്ള ഒരവസ്ഥയാണു ഇവിടെ ഉത്തരവാദഭരണത്തിനുള്ള പ്രമേയങ്ങൾ അവതരിപ്പിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഗവർമ്മെണ്ടിനെ അതനുകൂലിക്കുന്നതിനു പ്രേരിപ്പിക്കുന്നതു്. വാസ്തവത്തിൽ ഈ അവസരത്തിൽ ഈ പ്രമേയം ഗവർമ്മെണ്ടു എതിർത്തു കാണാനാണു ഞാനാഗ്രഹിക്കുന്നതു്. കാരണം, അങ്ങിനെ ചെയ്യുക ആണെങ്കിൽ ഈ പ്രമേയത്തെ കുറിച്ചു അവർ ചിന്തിച്ചു തുടങ്ങീട്ടുണ്ടെന്നും, ഈ പ്രമേയത്തിന്റെ പിന്നിൽ പൊതുജനങ്ങളുടെ വമ്പിച്ച ബലമുണ്ടെന്നുള്ളതു അവർക്കു ബോദ്ധ്യമായിട്ടുണ്ടെന്നു നമ്മൾക്കു മനസ്സിലാക്കാൻ സാധിക്കും. ഇതിനെ ഗവർമ്മെണ്ടു എതിർക്കുന്നില്ലെങ്കിൽ ഗവർമ്മെണ്ടിനോടു ചില ചോദ്യങ്ങൾ ചോദിക്കാനുണ്ടു". എട്ടു കൊല്ലങ്ങളായി ഈ നിയമസഭയിലെ പ്രതിനിധികളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഒരു മന്ത്രിയുടെ കീഴിൽ ചില ഡിപ്പാർട്ടുമെണ്ടുകളെ ഭരിച്ചു തുടങ്ങീട്ടുണ്ടു്. മന്ത്രിയുടെ കീഴിൽ ഏതെട്ടു ഡിപ്പാർട്ടുമെണ്ടുകളുടെ ഭരണം നടത്തുന്നതുകൊണ്ടു് വല്ല തകരാറുമുണ്ടോ എന്നു മനഃസാക്ഷിയോടുകൂടി പറയുവാൻ ഞാൻ ഗവർമ്മെണ്ടിനോടാവശ്യപ്പെടുന്നു. അങ്ങിനെ ദൃഷ്യമൊന്നും ഇല്ലെന്നാണെങ്കിൽ, ഉത്തരവാദിതപ്രഭരണം കൊച്ചിയിൽ വരണമെന്നാണു ഭരണകാര്യങ്ങളിൽ മഹാരാജാവു തിരുമേനിയെ ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഭരണകർത്താക്കളുടെ ഉദ്ദേശമെങ്കിൽ അതു എപ്പോഴെന്നു ഇന്നു ഞാൻ ചോദിക്കുന്നു. 'കാലാന്തരത്തിൽ' എന്നു പറഞ്ഞാൽ അതു കേട്ടു ഇനിയും അടങ്ങി ഇരിക്കുവാൻ ഞങ്ങൾ ഒരുക്കമില്ലെന്നു ഞാൻ പറയുന്നു. ഈ പ്രമേയം ഇവിടെ വന്നിരിക്കുന്ന ഈ അവസരത്തിൽ നാടിന്റെ നാനാ ഭാഗങ്ങളിലും വന്നിരിക്കുന്ന മാറ്റങ്ങൾ കാണ്മാൻ ഞാൻ ആവശ്യപ്പെടുന്നു. ഈ പ്രമേയത്തെ കുറിച്ചു നിങ്ങൾ വിചാരിക്കുന്നതു ചിലർ വന്നു, എന്തൊ കൊണ്ടുവന്നു, ചിലതൊക്കെ പറയുന്നു എന്നു മാത്രമാണു"; ആ നില നിങ്ങൾ മാറ്റണം. കാലസ്ഥിതി അനുസരിച്ചു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും അതനുസരിച്ചു ആവശ്യമായി വരുന്ന മാറ്റങ്ങൾ വരുത്തുന്നതിനു ഭരണാധികാരിയെ തക്കസമയത്തു ഉപദേശിക്കുന്നതിനും ഞാൻ നിങ്ങളോടു പറയുന്നു. ഈ അവസരത്തിൽ ലൂയി പ്പ-ാമന്റെ കാലത്തു നടന്ന ഒരു സംഭവം ഇവിടെ പറയാൻ ആഗ്രഹിക്കുന്നു.

"Carlyle's French Revolution. "Louis XVI. What is this riot" "No Sir, it is a revolution" അതായതു് ലൂയി പതിനാറാമൻ തന്റെ കൊട്ടാരത്തിലിരിക്കുമ്പോൾ എതോ ചില ആളുകൾ ലഹള കൂട്ടിക്കൊണ്ടുപോകുന്നതു കണ്ടപ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ അടുത്തുനിന്നിരുന്ന ആളോടു ചോദിച്ചു എന്താണു ഈ ലഹള എന്നു്, അതിനു പറഞ്ഞ മറുപടി ഇതൊരു ലഹള അല്ല, ഇതൊരു വിപ്ലവമാണു എന്നായിരുന്നു. അദ്ദേഹത്തിന്റെ ഇഷ്ടത്തിനുവേണ്ടി രാജ്യത്തിലെ യഥാർത്ഥനില അറിയിക്കാതെ തെറ്റിദ്ധരിപ്പിക്കുന്നതിനു ആ ഉദ്യോഗസ്ഥൻ മുതിർന്നില്ല. തീച്ചയായും നമ്മുടെ ഉപദേശകന്മാർ ഈ മാതിരി നാട്ടിലെ യഥാർത്ഥനില മഹാരാജാവിനെ അറിയിക്കുന്നതിനു ധൈര്യപ്പെടണം. ഇന്നിപ്പോൾ ഉത്തരവാദിതപ്രഭരണത്തിനുവേണ്ടി ചില ആളുകൾ ഒരു പ്രമേയം കൊണ്ടുവന്നിരിക്കുന്നുവെന്നല്ലാതെ, ആ പ്രമേയത്തിന്റെ പിന്നിൽ വലിയൊരു ജനവിഭാഗത്തിന്റെ പിന്തുണ ഉണ്ടെന്നുള്ള തത്വം ആ ഭാഗത്തിരിക്കുന്നവർ മനസ്സിലാക്കുന്നില്ല. പത്തൊ ഇരുപതൊ കൊല്ലങ്ങളായി ഉറങ്ങി കിടന്നിരുന്നവർ ഉണർന്നു കഴിഞ്ഞിട്ടുണ്ടു് അതിനുശേഷം നാട്ടിൽ പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നുമുള്ള വസ്തുത അറിഞ്ഞിട്ടില്ലെങ്കിൽ അങ്ങിനെ അറിയാത്ത ആളുകൾ അതു നാളെയോ അടുത്ത ദിവസമോ അറിയുമെന്നാണു എന്റെ പ്രതീക്ഷ. കൊച്ചിരാജ്യത്തിലെ പ്രമാണികൾക്കൊ, വക്കീലന്മാക്കൊ, പണക്കാക്കൊ ഉത്തരവാദിതപ്രഭരണം വേണമെന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ആ പഴയ കാലം പോയിരിക്കുന്നുവെന്നു ഞാൻ ഗവർമ്മെണ്ടിനെ അറിയിക്കുന്നു. ഇന്നു കൊച്ചിയിലെ രാഷ്ട്രീയ പ്രവർത്തനം ആ വിധത്തിലു

LIBRARY ARCHIVES Kerala Legislative Assembly

ള്ള തൊഴുകളുടെ കയ്യിൽനിന്നു ജനസാമാന്യത്തിന്റെ കയ്യിലേയ്ക്കു— ഈ നാട്ടിലെ തൊഴിലാളികളുടേയും, കർഷകരുടേയും, ഈ നാട്ടിലെ പണക്കാരല്ലാത്തവരുടേയും കയ്യിലേയ്ക്കു—പകർന്നിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ ഗവർമ്മെണ്ടിനെ അറിയിക്കുന്നു. കൊച്ചിക്കു പുറത്തുംഅതുപോലെ ഇന്ത്യയ്ക്കു പുറത്തും നടക്കുന്ന കാര്യങ്ങളും മനസ്സിലാക്കാൻ ഞാൻ ഗവർമ്മെണ്ടിനോടു പറയുന്നു.

ഇന്നു എന്താണു ഇന്ത്യയിൽ കാണുന്നതു? ഒരു ര കൊല്ലങ്ങൾക്കു മുമ്പു ഒരു പൊതുയോഗത്തിൽ തുറന്നു പറയുവാൻ ഭയപ്പെടുന്ന കാര്യങ്ങളും ഇന്നു എങ്ങും തുറന്നു പറയുവാൻ ഭയപ്പെടുന്നില്ല. ഇന്ത്യയിൽനിന്നു ബ്രിട്ടിഷുകാർ വിട്ടുപോകണമെന്നും വിട്ടുപോയില്ലെങ്കിൽ പിറഞ്ഞയയ്ക്കുമെന്നും ഇന്നെവിടേയും പറഞ്ഞുവരുന്നു. ഇന്ത്യയിലെ പട്ടാളക്കാരേയും അവരുടെ തോക്കിനേയും ഭയന്നുകൊണ്ടിരുന്നു. അവരുടെ ശാസനയിൽ അമർന്നിരുന്ന ജനങ്ങളും, ഇന്ത്യയിലെ ര ൦ കോടി ജനങ്ങളുടേയും പ്രതിനിധ്യം വഹിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ അണിനിരന്ന അങ്ങിനെ, നാഷണൽ ആർമിയുടെ വിചാരണ കാര്യത്തിൽ അവർ ഒന്നായി മുന്നോട്ടു വന്നിരിക്കുന്ന സംഗതി ഞാൻ ഗവർമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു. ജനങ്ങൾ ഐകൃത്തോടുകൂടി സംഘടിച്ചു അധികാരം പിടിച്ചെടുക്കുവാനുള്ള ഒരു സംരംഭമാണു ഇന്നു ലോകത്തിലെങ്ങും കാണുന്നതു. ഭാരതസ്വഴയുടെ അസ്തിവാരത്തു അതിനിസ്സാരമായ ഒരു രാഷ്ട്രീയാതിത്തിയെ ഭയന്നു അതു അവിടെ നില്ക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ അതിൽപരം വിഡ്ഢിത്വം വേറെ ഇല്ല. ഉത്തരവാദിത്വഭരണം വളരെ എളുപ്പത്തിൽ നടപ്പിൽ വരാൻ പോകുന്നുവെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. നാഷണലിസ്റ്റ് പാർട്ടി ചെയ്ത പ്രസ്താവനയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. വേണ്ടിവരുന്ന അവസരത്തിൽ ഞങ്ങൾ അതു ഓർമ്മിപ്പിച്ചുകൊള്ളാമെന്നും ഞാൻ പറയുന്നു. ഗവർമ്മെണ്ടും ഇതു സൂക്ഷിച്ചുകൊള്ളണം.

വരുന്ന ബഡ്ജറ്റ് സമ്മേളനത്തിൽ ഗവർമ്മെണ്ടിന്റെ ബഡ്ജറിനെ നമ്മൾ ഒത്തൊരുമിച്ചു തള്ളിക്കളയണം. പക്ഷെ അതുകൊണ്ടുമാത്രം കാര്യം സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ ഗവർമ്മെണ്ടു ഈ പ്രമേയത്തെ അനുകൂലിച്ചാലും ഈ പ്രമേയം ഇന്നിവിടെ പാസ്സാക്കുന്നതുകൊണ്ടു് ഉടനെതന്നെ ഉത്തരവാദിത്വഭരണം കിട്ടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ എനിക്കു ഗവർമ്മെണ്ടിനോടു ഒന്നു പറയുവാനുണ്ടു്. ഈ നാട്ടിൽ കുറെകൂടി കടന്നു രീതിയിലുള്ള ഒരു പ്രസ്ഥാനമുണ്ടാകുകയാണെങ്കിൽ അന്നു നിങ്ങൾ അതുതടുക്കും. ഇന്ത്യൻ രാഷ്ട്രീയ നഭോമണ്ഡലത്തിൽ സർവ്വത്ര കിളർത്തു വളർന്നു വരുന്ന ആ ശാഖ ഇവിടെയും വളർന്നു ഇവിടത്തെ ഭരണകൂടത്തെ തകിടം മറിക്കുകയാണെങ്കിൽ അന്നു നിങ്ങൾ ഭയപ്പെടരുതു്. വേണ്ടിവന്നാൽ ഡയറക്ട് ആക്ഷൻ എടുത്തു, കർഷകരേയും തൊഴിലാളികളേയും സംഘടിപ്പിച്ചു, വേണ്ടിവന്നാൽ ഇന്നത്തെ ഗവർമ്മെണ്ടിനെ മാറ്റി ജനസാമാന്യത്തിന്റെ ഒരു ഗവർമ്മെണ്ടു സ്ഥാപിക്കാനുള്ള വിപ്ലവപരമായ ഒരു കാര്യപരിപാടിക്കുടി പ്രോഗ്രാമണ്ഡലത്തിന്റെ കാര്യപരിപാടിയിൽ സ്വീകരിച്ചിട്ടുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

ഇതു ഗവർമ്മെണ്ടിനെ ഭീഷണിപ്പെടുത്തലോ ഭയപ്പെടുത്തലോ അല്ല, ഇന്നിന്ത്യയിൽ നടക്കാൻ പോകുന്ന കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയാണു്. പക്ഷെ കൊച്ചിയിലെ ജനങ്ങൾ ഈ കാര്യത്തിനായി ഒന്നായി സംഘടിക്കുമോ എന്നു ആരും സംശയിക്കേണ്ടതു് അതുകൊണ്ടു് അങ്ങിനെയുള്ള ഒരു വിഷമനില ഈ രാജ്യത്തിൽ വരുത്താതെ, ഈ രാജ്യത്തിലെ സംഘടിതരായ ജനവിഭാഗത്തിന്റെ പ്രതിനിധികളാൽ നടത്തപ്പെടുന്ന ഒരു ഭരണം—മഹാരാജാവിന്റെ പരമാധികാരത്തിലുള്ള ഒരു ഭരണം—നടപ്പിൽ വരുത്തുവാൻവേണ്ട ഉപദേശം മഹാരാജാവിനു കൊടുക്കുവാൻ പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ രാജ്യത്തിലെ മർദ്ദിതലക്ഷങ്ങളുടെ പേരിൽ, ഉൽബുദ്ധരായ സാമാന്യ ജനങ്ങളുടെ പേരിൽ ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ദീർഘമായ ഒരു പ്രസംഗത്തിനു ഞാൻ ഒരുങ്ങുന്നില്ല. തൊഴിലാളികൾക്കു ഏറ്റവും അത്യാവശ്യമായ ഒരു പ്രമേയമാണിതു്. ഇന്നു് മർദ്ദനം അനുഭവിച്ചുവരുന്ന, കുറഞ്ഞ കൂലിയുടെ പേരിൽ ക്ലേശങ്ങൾ അനുഭവിച്ചുവരുന്ന തൊഴിലാളിവർഗ്ഗത്തിനു ഇന്നത്തെ ഭരണത്തിൽ വിശ്വാസം ഇല്ലെന്നുള്ള വസ്തുത അവരുടെ പ്രതിനിധി എന്ന നിലയിൽ—മഹാരാജാവിന്റെ കാരുണ്യം കൊണ്ടു് തൊഴിലാളികളുടെ കഷ്ടങ്ങൾ തിരുമനസ്സിലെ സന്നിധിയിൽ എത്തിക്കാനായി നിയമിതനായിട്ടുള്ള ഒരു പ്രതിനിധി എന്ന നിലയിൽ—ബോധിപ്പിക്കുവാൻ എനിക്കു മടിയില്ല. അവരുടെ പ്രതിനിധിയെന്ന നിലയിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യബോധത്തോടുകൂടിയാണു് ഞാനിതു പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്ന ഗവമ്മെണ്ടുദ്യോഗസ്ഥന്മാരും നാട്ടിലെ മറെറ ചില പ്രമാണികളും ചോദിക്കുന്നു: യുദ്ധം കഴിഞ്ഞു, നാട്ടിൽ തൊഴിലില്ലായ്മ വളർന്നുകൊണ്ടിരിക്കുന്നു, ഞങ്ങൾ എന്തുചെയ്യും; ലക്ഷക്കണക്കിനു യുദ്ധം കഴിഞ്ഞു മടങ്ങിവരുന്ന ആളുകൾക്കു ഗവമ്മെണ്ടു തൊഴിൽ കൊടുക്കണമെന്നു പറഞ്ഞാൽ ഗവമ്മെണ്ടു എവിടെനിന്നു തൊഴിൽകൊടുക്കും എന്നു്. ഒരു രോഗി വന്നിട്ടു അയാളെ ചികിത്സിക്കാൻ ശക്തിയില്ലാതെ ഇരിക്കെ അനേകം ആളുകൾ ക്ഷയംപിടിച്ചു മരിച്ചുംകൊണ്ടിരിക്കെ അവരെ ഒക്കെ രക്ഷിക്കണമെന്നു പറഞ്ഞാൽ സാധിക്കുമോ എന്ന ചോദ്യമാണു വലിച്ചിട്ടുതരുന്നതു്. എന്നാൽ അങ്ങിനെയുള്ള അവസരം വരുമ്പോൾ അതിന്നു തക്ക നടപടികൾ സ്വീകരിക്കുവാനാണു് മഹാരാജാവിന്റെ ഉപ്പും ചോറും തിന്നുകൊണ്ടു് ഇവിടെ ഇരിക്കുന്ന ആളുകൾ ശ്രമിക്കേണ്ടതു്. അതിന്നു നിങ്ങൾക്കു കഴിയുകയില്ലെങ്കിൽ ആ ഭരണാധികാരം ഞങ്ങൾക്കു ഒഴിഞ്ഞുതരിക എന്നു്—ഈ രാജ്യത്തിനു ശ്രേയസ്സുണ്ടാക്കികൊടുക്കുന്നതിന്നു വേണ്ടി ഭരണാധികാരം ഞങ്ങൾക്കു വിട്ടുതരിക എന്നു—തൊഴിലാളികൾ പറയുന്നു. നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്കാവശ്യമായ ആഹാരസാധനങ്ങൾ ഇന്നിവിടെ ഉണ്ടോ, നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്കാവശ്യമായ വസ്ത്രങ്ങൾ ഇവിടെ ഉണ്ടോ, രോഗികളെ മുഴുവൻ ചികിത്സിക്കത്തക്ക ആശുപത്രികൾ ഉണ്ടോ, ഈ നാട്ടിലെ ജനങ്ങൾക്കു മുഴുവൻ വിദ്യാഭ്യാസം നൽകത്തക്ക വിദ്യാലയങ്ങൾ ഉണ്ടോ, വേണ്ടത്ര ഗതാഗതസൌകര്യങ്ങളുണ്ടോ? ഇങ്ങിനെ ഒഴിച്ചുകൂടാത്ത, രാജ്യത്തിന്റെ ശ്രേയസ്സിന്നത്യാവശ്യമായ അനവധി പോരായ്മകൾ ഇവിടെ ഉള്ളപ്പോൾ ഈ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു സാധിക്കുകയില്ലെന്നു പറയുന്നതെങ്ങിനെയാണെന്നു തൊഴിലാളികൾ ചോദിക്കുന്നു. പഴയകാലത്തെ തൊഴിലാളികളല്ല ഇന്നത്തെ തൊഴിലാളികൾ. സർക്കാരിന്റെ സഹായത്തിന്മേൽമാത്രം നിലനില്ക്കുന്ന മുതലാളിത്വത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നതൊഴിലാളികൾ അല്ല ഇന്നത്തെ തൊഴിലാളികൾ. ഇന്നു ഗവമ്മെണ്ടിന്റെ ഭരണത്തെ ഏറെറടുക്കാൻ തക്ക ശേഷിയുള്ള, അങ്ങിനെയുള്ള സകലവിധ പ്രക്ഷോഭണശക്തികളോടുകൂടിയ ഒരു തൊഴിലാളിവർഗ്ഗം കൊച്ചുരാജ്യത്തിലുണ്ടെന്നു ഞാൻ പറയുന്നു. പ്രജാക്ഷേമം മാത്രം കാത്തുകൊണ്ടിരിക്കുന്ന മഹാരാജാവു തിരുമനസ്സിലെ ആഗ്രഹം തന്റെ എല്ലാ ജനങ്ങളും നന്നാകണമെന്നാണു്. ആഹാരമില്ലാതെ പട്ടിണികിടക്കുന്നവരും നഗ്നതമറയ്ക്കുവാൻ വസ്ത്രമില്ലാത്തവരും കയറിക്കിടക്കുവാൻ വീടില്ലാത്തവരും രോഗം മാറാൻ നിവൃത്തിയില്ലാതെ അവശതയനുഭവിക്കുന്നവരും തന്റെ പ്രജകളിൽ ആരും ഉണ്ടാകരുതെന്നാണു് തിരുമനസ്സിലെ ആഗ്രഹം. മഹാരാജാവു തിരുമനസ്സിലെ ആ ആഗ്രഹം നിറവേറാൻ ഇന്നത്തെ നിലയിലുള്ള ഒരു ഗവമ്മെണ്ടിനു സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. സാധിക്കുകയില്ല, അതുകൊണ്ടാണു് ഉത്തരവാദിത്വഭരണം വേണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നതു്. ഉത്തരവാദിത്വഭരണം എന്നു പറയുമ്പോൾ കസേരയിലിരുന്നു പൊളിറ്റിക്സു് പറയുന്ന സ്ഥാപിതതാല്പര്യക്കാരുടേതായ ഒരു ഉത്തരവാദിത്വഭരണത്തിനല്ല ഞങ്ങൾ ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തിലെ വർഗ്ഗബോധത്തോടുകൂടി സംഘടിച്ചുവരുന്ന തൊഴിലാളികൾ അതു സമ്മതിക്കുകയില്ല. ഇന്നത്തെ തൊഴിലില്ലായ്മ മാറാൻ കഴിയുന്നതു മാത്രമാണു്. നിങ്ങൾ ഇന്നു പറയുന്ന രാജ്യത്തിലെ തൊഴിലില്ലായ്മയെ പരിഹരിക്കുവാനുള്ള സ്കീമുകൾ അലമാരിയിൽ കെട്ടിയടക്കിവെച്ചിട്ടുണ്ടെന്നു്. എന്നാൽ യുദ്ധം കഴിഞ്ഞിട്ടു മാസങ്ങളായി. എങ്കിലും ഈ കാലത്തിനിടയ്ക്കു ഈ രാജ്യത്തിൽ തൊഴിലില്ലാത്തവർ എത്രയുണ്ടെന്നുള്ള ഒരു കണക്കെടുക്കാൻപോലും ഗവമ്മെണ്ടിന്നു സാധിച്ചിട്ടില്ല. ഇതേസംബന്ധിച്ചു രണ്ടുമാസത്തിന്നുമുമ്പായച്ച ഒരു ചോദ്യത്തിന്നു മറുപടി ഇതേവരെയായിട്ടും പറയാൻ കഴിഞ്ഞിട്ടില്ല. അങ്ങിനെയുള്ള ഒരു ഗവമ്മെണ്ടാണു് ഇന്നു ഭരണം നടത്തുന്നതു്. ഈ ഗവമ്മെണ്ടിനു മഹാരാജാവു തിരുമനസ്സിലെ അഭിമതം പാലിക്കുവാനുള്ള ശക്തിയില്ല. അതു സാധിക്കുന്നതിന്നാണു് ഞങ്ങൾ ഉത്തരവാദിത്വഭരണം വേണമെന്നു പറയുന്നതു്. ഉത്തരവാദിത്വഭരണം എന്നു പറയുമ്പോൾ ഈ രാജ്യത്തിലെ മർദ്ദിത വിഭാഗങ്ങളുടെ ആശാകേന്ദ്രമായ ഒരു ഭരണമെന്നാണു് ഞങ്ങൾ അർത്ഥമാക്കുന്നതു്. വാസ്തവത്തിൽ വിശക്കുന്ന വയറിനേക്കാൾ,പൊരിയുന്ന വയറിനേക്കാൾ വിപ്ലവകാരിയായി വേറെ ഒന്നും ഇല്ലെന്നു നിങ്ങൾ അറിയണം. ഇന്നത്തെ ഉത്തരവാദിത്വഭരണപ്രശ്നത്തിന്റെ പിന്നിൽ എന്തെല്ലാം കിടക്കുന്നുണ്ടെന്നും നിങ്ങൾ അറിയണം. മർദ്ദിതരായ തൊഴിലാളികളേയും കർഷകരേയും രാഷ്ട്രീയകാര്യങ്ങൾ പഠിപ്പിക്കുന്നതു അവരുടെ ഈ വയറാണു്. അതുകൊണ്ടു് തീച്ചയായും ഈ ഉത്തരവാദിത്വഭരണം തന്നേകഴിയൂ. തന്നില്ലെങ്കിൽ അതു മേടിക്കാൻ ഈ രാജ്യത്തിലെ സകല പുരോഗമനപ്രസ്ഥാനത്തിന്റേയും കൂട്ടോടുകൂടി ഈ തൊഴിലാളിവർഗ്ഗം അണിനിരക്കുമെന്നും, അവരുടെ ഈ ഉണർവ്വിനെ നിങ്ങൾ സൂക്ഷിക്കണമെന്നും ഞാൻ പറയുന്നു. ഉടുക്കാനും ഉണ്ണാനും ഇല്ലാത്തവർ ഈ രാജ്യത്തിലെ കർഷകതൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളിവശ്യമാണ്". അവക്ക് നഷ്ടപ്പെടാൻ വല്ലതുമുണ്ടെങ്കിൽ അതു അവരുടെ പട്ടിണിയും ദാരിദ്ര്യവും അടിമത്വവും മാത്രമാണ്". പ്രായപൂർത്തിവോട്ടവകാശത്തോടുകൂടി പരിപൂർണ്ണമായ ഉത്തരവാദഭരണസ്ഥാപനംകൊണ്ടു് അവരുടെ ദാരിദ്ര്യവും പട്ടിണിയും അടിമത്വവും എല്ലാം ഇല്ലാതാക്കുവാൻ കഴിയുമെന്നു അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അങ്ങിനെ അവരുടെ എല്ലാ ഇല്ലായ്മകളേയും ഇല്ലാതാക്കി അവക്ക് എല്ലാ മനുഷ്യരേയുംപോലെ അവരുടെ ന്യായമായ ആവശ്യങ്ങളും സാധിപ്പിച്ചു് ഉത്തമപൌരജീവിതം നയിച്ചു രാജ്യത്തിന്റെ ശ്രേയസ്സിനെ ഉയർത്തുവാൻ പര്യാപ്തമായ ഈ ഉത്തരവാദഭരണസ്ഥാപനത്തിനു വേണ്ടി തൊഴിലാളി-കർഷകവർഗ്ഗങ്ങളും എന്തു മഹൽത്യാഗത്തിനും തയ്യാറാണ്. എന്നാൽ അങ്ങിനെയുള്ള രേഖ ഇവിടെ നേരിടുകയില്ലെന്നതന്നെയാണ് എന്റെ ഉത്തമവിശ്വാസം. പ്രജാക്ഷേമൈകനിരതനായ മഹാരാജാവു തിരുമനസ്സുകൊണ്ടു്—തിരുമനസ്സിലെ മുമ്പിൽ പ്രജാഹിതം ശരിയായ രൂപത്തിൽ ഉത്തരവാദപ്പെട്ടവർ വയ്ക്കുമെങ്കിൽ—കൊച്ചിരാജ്യവാസികളുടെ ഏകീകൃതമായ മാമിലാഷമായ ഈ സംഗതി—പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയ പരിപൂർണ്ണമായ ഉത്തരവാദഭരണം—അനുവദിച്ചു പ്രജകളെ അനുഗ്രഹിക്കുകയും അവർക്ഷേമമരുളുകയും ചെയ്യുമെന്നതിൽ എനിക്കശേഷം സംശയമില്ല. ആ ബോധത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിന്താങ്ങുന്നു.

റാവു സാഹിബ് കെ. അയ്യപ്പൻ: സർ, ഞാൻ ഈ നിശ്ചയത്തെ പിന്താങ്ങുന്നുവെന്നു പറയേണ്ട കാര്യംതന്നെയില്ല. ഇതേനിശ്ചയം ഞാൻതന്നെയും അതുപോലെ മറവപലരും ഇവിടെ കൊണ്ടുവന്നു പാസ്സാക്കിട്ടുള്ളതാണ്. പിന്നെ ഇന്നു ഉത്തരവാദിത്വഭരണത്തിനു കാലമായിട്ടില്ല എന്നാണു പറയുന്നതെങ്കിൽ ഈ കാലമൊക്കെ ആരാണുണ്ടാക്കുന്നതെന്നാണു ആലോചിക്കേണ്ടതു. "രാജാ കാലസ്യകാരണം" കാലം ചുരുക്കാനും നീട്ടാനുമുള്ള അധികാരം മഹാരാജാവു തിരുമനസ്സിലേയ്ക്കുണ്ടു്. അതുകൊണ്ടു അതു പറഞ്ഞിട്ടു കാര്യമില്ല. "രാജാ കാലസ്യകാരണം". വളരെ അർത്ഥവത്തായ ഒരു പ്രമാണമാണതു്. ഇതിനു ഒരു സ്പഷ്ടീകരണമുണ്ടാകാനാണുണ്ടു്. ഉത്തരവാദിത്വഭരണം തിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽ വേണമെന്നേ പറയുന്നുള്ളൂ. ഭരിക്കാൻ ശേഷി ഇല്ലാത്തവർ ഭരണാധികാരത്തിൽ വന്നാൽ ഭരണം തകരാറാകുമെന്നാണെങ്കിൽ തിരുമനസ്സിലെ പരമാധികാരത്തിൻകീഴിലായതിനാൽ അതിനെപ്പറ്റി ഭയപ്പെടാനില്ല. ഞാൻ ചോദിക്കുന്നു രാമവർമ്മത്തമ്പുരാനും ഐ. എൻ. മേനോനും അരവിന്ദാക്ഷമേനോനും മറവും കൊച്ചീക്കാർതന്നെയല്ലേ? അവർക്കൊക്കെ ഭരിക്കാൻ സാധിക്കുന്നില്ലെ. അവരുടെ നിലയിലുള്ളവരല്ലെങ്കിലും അവരെപ്പോലെതന്നെ പഠിപ്പും സാമർത്ഥ്യവും ഉള്ള കൊച്ചീക്കാർ ഇവിടെ ഇല്ലെ? വാസ്തവത്തിൽ കയ്യിലുള്ള അധികാരം വിട്ടുകൊടുക്കുവാൻ മടിയുണ്ടാകും. രണ്ടുതരത്തിലുള്ള മടി ഉണ്ടാകും. ചായാൻ പോകുന്ന ആൾ പണപ്പെട്ടി കെട്ടിപ്പിടിച്ച ഒരു കഥ കേട്ടിട്ടുണ്ടു്. ഇവരുടെ ഒക്കെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയതു ചാകാൻപോകുന്ന ആൾ പണപ്പെട്ടി കെട്ടിപ്പിടിച്ച ആ കഥയാണ്. എതായാലും ചെണ്ടയുടെ ഒരുവശം ഇരുന്നുകൊട്ടി. ഇനി അതൊന്നു മറിച്ചിട്ടു കൊട്ടണം, ഒരു കാര്യം പറയാം. ആരു ഭരിച്ചാലും ഇതിലും വലിയൊരു നില വരാൻപോകുന്നില്ല. ഇപ്പോൾ ഉത്തരവാദിത്വഭരണം വന്നാൽ തൊഴിലാളികർഷകർക്കൊക്കെ രക്ഷ കിട്ടുമെന്നു വിശ്വസിക്കുന്ന ആൾ അല്ല ഞാൻ. ഉത്തരവാദിത്വഭരണം വരുന്നതോടുകൂടി ചിലതെല്ലാം ശരിയാകാനുണ്ടു്. പക്ഷെ അതൊക്കെ ശരിയായിട്ടുവേണം ഉത്തരവാദിത്വഭരണം തരാൻ എന്നു ചിലരുടെ വാദത്തോടു യോജിക്കാൻ നിവൃത്തിയില്ല. ഉത്തരവാദിത്വഭരണം വരണം. പക്ഷെ അതോടുകൂടി ചിലതൊക്കെ ചെയ്യേണ്ടതുണ്ടു്. ഇപ്പോൾ ബ്രിട്ടീഷിൻഡ്യയിൽ ത്രിവർണ്ണപതാകയുടെ ആദർശത്തിൻകീഴിൽ ൪൦ കോടി ജനങ്ങളും ഒത്തൊരുമിച്ചിരിക്കുന്നു എന്നൊക്കെ പറഞ്ഞതു് ശരിയല്ല. പക്ഷെ ത്രിവർണ്ണപതാകയുടെ കീഴിൽ ൪൦ കോടിയും സംഘടിച്ചുവരുന്നു എന്നു പറഞ്ഞാൽ അതു ശരിയാണു്. ൪൦ കോടിയും ആ പതാകയുടെ കീഴിൽ അണിനിരന്നുവരുന്നു എന്നു പറഞ്ഞാൽ ഓടു് ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്നു ഓടിക്കാനാണു്. ബ്രിട്ടീഷുകാർ ഇവിടെ തിരിക്കണമെന്ന ആഗ്രഹം ഒക്കുമില്ല. അതിനാൽ അവരെ ഓടിക്കണമെന്നു പറഞ്ഞാൽ എല്ലാവരും അണിനിരക്കും. എന്നാൽ ഇന്ത്യയിലെ ജനങ്ങൾ ജനങ്ങളാണെന്നു പറയാൻ തക്ക നിലയിലുള്ള വികാസം, മാനസികസംസ്കാരം, വിശാലഹൃദയത്വം ഈ രാഷ്ട്രീയനേതാക്കന്മാരുടെ ഇടയിൽ സാമാന്യമായി വളർന്നിട്ടുണ്ടോ എന്ന ഒരു ചോദ്യം വലുതായി നില്പുണ്ടു. ആ ചോദ്യം കൊച്ചിയുടെ മുമ്പിലും നില്പുണ്ടു. ആ ചോദ്യത്തിനു് തക്കതായ സമാധാനം പറയാൻ നാഷണലിസ്റ്റ് കക്ഷിയോടും, പ്രജാമണ്ഡലം കക്ഷിയോടും വളരെ കേണപേക്ഷിക്കുന്നു. കൊച്ചിയിലെ ജനങ്ങൾ എന്നു പറഞ്ഞാൽ അർത്ഥമുണ്ടോ? കൊച്ചിയിൽ ജനങ്ങളില്ല. കൊച്ചിയിൽ നായന്മാരും, ഈഴവരും, പുലയരും, സുവർണ്ണരും, അവർണ്ണരും, മറവ ജാതിക്കാരു

LIBRARY ARCHIVES Kerala Legislative Assembly

മാണുള്ളതു്; അല്ലാതെ കൊച്ചിയിൽ ജനങ്ങളില്ല. കൊച്ചിയിൽ ജനങ്ങൾ ഇനി ഉണ്ടാകണം. അതായതു്—

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതായതു് ജാതിതന്നെ കളയണമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ജാതി കളയുകയും മറ്റും വേണ്ട. കൊച്ചിയിലെ ഏതാനും കുറച്ചു് വിദേശങ്ങൾ മാത്രം പോയാൽ പോരാ. കൊച്ചിയിലെ ജനങ്ങളിലേക്കു് മഹാരാജാവു് തിരുമനസ്സുകൊണ്ടനുവദിക്കുന്നതായ ആ അധികാരം കൊച്ചിയിലെ ഏതാനും വിദേശങ്ങളുടെ കയ്യിലേക്കു് മാത്രം പോയാൽ പോരാ എല്ലാവക്കും ഫണ്ടമെന്റൽ റൈറ്റ്സ് കൊടുത്താൽ പോരെ എന്നു് ചോദിക്കാം.. പക്ഷെ അതു് കടലാസ്സിൽ കിടക്കും, അതു് അനുഭവത്തിൽ വരണം. അതിനുള്ള സാമൂഹ്യ സാഹചര്യങ്ങളുണ്ടാക്കുന്നതിനു്, രാഷ്ട്രീയ നേതാക്കന്മാർ അവയെക്കുറിച്ചു് ശാസ്ത്രീയമായി പഠിക്കണം. ഇന്ത്യയിലെ ഇന്നുള്ള രാഷ്ട്രീയ നേതാക്കന്മാർ ഈ കുഴപ്പത്തിൽനിന്നും വളരെ പിന്നോക്കമാണു്. ശാസ്ത്രീയമായി സംഗതി പഠിക്കാനുള്ള സാഹചര്യത്തിന്റെ കുറവുകൊണ്ടാണു് അതിനൊരുങ്ങാത്തതു്. കൊച്ചിയിൽ അതു് വരുത്തണമെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് സമുദായനീതി പുലർത്തുന്നതിനാവശ്യമായ പരിരക്ഷണങ്ങളോടു കൂടിയുള്ള ഒരു ഭരണം വേണമെന്നാണു് ഞാൻ പറയുന്നതു്. അതിനെക്കുറിച്ചു പറയുമ്പോൾ ആ പ്രശ്നത്തെ സംബന്ധിച്ചു് പറഞ്ഞിട്ടുള്ള ഒരു തത്വം "St. John ന്റെ തത്വം In the beginning was world, world was with God, world was God, In the beginning were interests, Interests were with principles, Interests were principles" അതായതു് തത്വം എന്നു് പറയുന്നതു്; ഒരു വ്യക്തിയുടേയോ ഒരു സമുദായത്തിന്റേയോ ഒരു രാജ്യത്തിന്റേയൊ ജനറൽ ആയിട്ടുള്ള താല്പര്യങ്ങളെക്കുറിച്ചു് പറയുന്നതാണു് ഈ തത്വം തത്വം എന്നു പറയുന്നതു്. ഇന്നിവിടെ പ്രസംഗിച്ചു് കേട്ടപോലെ കൊച്ചിയിലെ ജനങ്ങൾ ഇങ്ങനെയിരിക്കണം; ഒരുങ്ങിയിരിക്കണം, ഗവണ്മെണ്ടു് സൃഷ്ടിച്ചുകൊള്ളണം. എന്നൊക്കെ പറഞ്ഞാൽ അതിനു് കൊച്ചിയിലെ ജനങ്ങൾ മുഴുവൻ തയ്യാറായിരിക്കണം, എന്നതുമില്ല, കൊച്ചിയിലെ ഒരു ജനവിഭാഗം തയ്യാറായിരിക്കണം എന്നുമാത്രമേ അർത്ഥമാക്കേണ്ടതുള്ളു.

ഒരുകാലത്തു് കൊച്ചിയിൽ സാമുദായിക സൌഹാർദ്ദമുള്ള ഒരന്തരീക്ഷമുണ്ടായിരുന്നു. ആ അന്തരീക്ഷം ഇല്ലാതായതു് ചില എസ്റ്റാബ്ലിഷ്മെന്റുകളുടെ ആലോചനക്കുറവുകൊണ്ടാണു് അതുമാറി രണ്ടാമതും വിശാല വീക്ഷണമുള്ള ഒരു ഗതിയിലേക്കു നമ്മുടെ സമുദായങ്ങൾ തിരിഞ്ഞു വരുകയാണു്. എന്നാൽ ആ തിരിഞ്ഞുപോക്കു് അപകടത്തിലേക്കാണെന്നു് ചില പത്രങ്ങൾ എഴുതിവിട്ടുണ്ടു്, അതു കേട്ടു് ആരും പരിഭ്രമിക്കരുതു്. അതുകൊണ്ടു് ന്യായമായ സമുദായതാല്പര്യങ്ങൾ കൊച്ചിക്കാർക്കു ലഭിക്കണമെന്നുണ്ടെങ്കിൽ കൊച്ചിയിലെ എല്ലാ ജനങ്ങൾക്കും ഭരിക്കുവാനുള്ള അവകാശം കിട്ടണം. അതിനാൽ പരിരക്ഷകളോടുകൂടിയ ഉത്തരവാദഭരണം തരുന്നതാണെങ്കിൽ അതിനു് ആരും എതിരായി നിൽക്കാൻ പാടുവരുമെന്നു മാത്രമാണു് ഞാൻ പറയുന്നതു്.

ഇനി ഗവണ്മെണ്ടിനോടു് ഒരു കാര്യം പറയുന്നു, ഈ കാര്യങ്ങളെല്ലാം പറയുമ്പോൾ ഞാൻ ഉത്തരവാദ ഭരണത്തെ എതിർക്കുവാൻ പോകുന്നു എന്നു ധരിക്കരുതു്. ഉത്തരവാദഭരണം തന്നാലും തന്നില്ലെങ്കിലും ഞങ്ങളെപ്പോലെയുള്ളവർ അതിനെതിരില്ല. മുന്നു മഹാവാക്യങ്ങൾ മി. ജിന്നയിൽനിന്നു എനിക്കു കിട്ടിയിട്ടുണ്ടു്. ഞാൻ തൊട്ട വെള്ളം കുടിക്കാത്തവനും അന്നം ഒന്നാണെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കുകയില്ല. എനിക്കു ക്ഷേകഹാൻഡ് തന്നശേഷം പോയി കൈ കഴുകിവന്നു് അയാൾ എന്നോടുപോലെയുള്ള ഒരാളാണെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കയില്ല. ഹിന്ദുക്കൾക്കു മാത്രമായിട്ടുള്ള ഒരു സ്ഥാപനം ഉൽഘാടനം നടത്തുവാൻ പോയ പട്ടേൽ ഹിന്ദുക്കളും മുസ്ലീമുകളുമൊന്നാണെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കുകയില്ല. ഞാനൊരു ഈഴവനാണെന്നു പറഞ്ഞാൽ അതിൽ എനിക്കപമാനമില്ല. കാരണം ബ്രാഹ്മണനെപ്പോലെയും, നായന്മാരെപ്പോലെയും ഉള്ളവർ തന്നെയാണു് ഈഴവരും. അതുകൊണ്ടു് ഈഴവൻ എന്നു പറയുന്നതിൽ എനിക്കു് യാതൊരു സങ്കോചവുമില്ല; ഞങ്ങളൊരുമാണെന്നു ചോദിച്ചാൽ ഈഴവരാണെന്നുതന്നെ പറയും, ഇതൊക്കെ ഉറപ്പു പറയുന്നതിന്റെ അർത്ഥം ഈ വ്യത്യാസങ്ങളെല്ലാം തീരെ പോകണമെന്നുള്ളതാണു്. വിദ്യാഭ്യാസസംബന്ധമായും, സാമൂഹ്യസംബന്ധമായും ഉള്ള പരിഷ്കാരങ്ങൾ വരണമെങ്കിൽ ശ്രീനാരായണഗുരുസ്വാമി പറഞ്ഞപോലെ മതം വ്യക്തിപരമാക്കാതിരിക്കുകയും ജാതി ഇല്ലാതാക്കുകയും ചെയ്യുന്ന മഹാ പരിഷ്കാരം നടപ്പിൽ വരുത്തണം. ഈ വരുന്നതുവരെ ഞങ്ങൾ അതിനുവേണ്ടി പരിശ്രമിക്കും. നിങ്ങളേയും അതിനൊരുക്കും. അതുകൊണ്ടു് നിങ്ങൾ അതിനൊരുങ്ങിയിരിക്കുകയാണു് നല്ലതു്. അതില്ലാത്ത കാലംവരെയും, ആ ലക്ഷ്യത്തെ നാം പ്രാപിക്കുന്നതുവരെയും കൊച്ചിയിൽ സാമുദായികമായ സൌഹാർദ്ദ നില മുമ്പോട്ടു കൊണ്ടുപോകുവാൻസാധിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഗതികൂടി എനിക്ക് പറയാനുള്ളതു് നാഷണലിസ്റ്റ് പാർട്ടി നേതാവിനോടും, പ്രജാമണ്ഡലം പാർട്ടി നേതാവിനോടുമാണു്. അവർ ഉഗ്രമായ പരിപാടി സ്വീകരിക്കണമെന്നു പറഞ്ഞു; ഞാനും അതിനോടു യോജിക്കുന്നു. പക്ഷെ ആ പരിപാടി ചിലക്ക് മുതലെടുക്കാനുള്ള മാർഗ്ഗമാകരുതു്. ഞാൻ ഗവണ്മെണ്ടിന്റെ ഭാഗത്തു നില്ക്കുന്നു എന്നാണു് എല്ലാവരും ധരിച്ചിരിക്കുന്നതു്. വാക്കൌട്ടോ, ത്യാഗമോ വരുമ്പോഴൊക്കെ ഒന്നല്ല പത്തു പ്രാവശ്യം ആലോചിക്കുന്നവനാണു് ഞാൻ. കാരണം, അനാവശ്യമായ വിഷമങ്ങൾ, ഗവണ്മെണ്ടിനോ, ഗവണ്മെണ്ടുദ്യോഗസ്ഥന്മാക്ക വ്യക്തിപരമായോ ഉണ്ടാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ രണ്ടുമൂന്നു പ്രാവശ്യം ത്യാഗം ചെയ്യപ്പോൾ ഗവണ്മെണ്ടു കാരകം ചില ഗംഭീരന്മാരുടെ പടിക്കൽ ചെന്നുനിന്നു. അവർ അതുകൊണ്ടു മതിയാക്കി. അതുകൊണ്ടു നിങ്ങളുടെ പ്രസ്ഥാനം വളരെ സൂക്ഷിച്ചുവേണം മുന്നോട്ടു കൊണ്ടുപോകാൻ. വാസ്തവത്തിൽ സദുദ്ദേശത്തോടുകൂടി എടുക്കുന്ന നിങ്ങളുടെ ഉഗ്രമായ പരിപാടികൊണ്ടു ചിലക്ക് മുതലെടുക്കുവാൻ ഇടയാക്കരുതു്. പ്രോഗ്രസീവ് പാർട്ടിയിൽ വെ പേർ മാത്രം ശേഷിച്ചപ്പോൾ ഞങ്ങൾക്ക് ഇൻഡിപ്പെൻഡന്റ പാർട്ടി എന്നു പേർ പറഞ്ഞു തിരിഞ്ഞു നിൽക്കേണ്ടിവന്നു. അതിനു ശേഷം അതിൽ ചിലർ ഗംഭീരമായി പ്രസംഗിച്ചുനോക്കി. വാക്കൌട്ട് വേണമെന്നു നിർബ്ബന്ധിച്ചു. പക്ഷെ അങ്ങിനെ നിർബ്ബന്ധിച്ച ആളെ പിറെറദിവസം കണ്ടില്ല. അവരിൽ ചിലർ ഉദ്യോഗത്തിലുമായി. അതുകൊണ്ടു് ഞാൻ പറയുന്നതു് ഉഗ്രമായ പരിപാടികൊണ്ടു സ്വീകരിക്കുകയാണെങ്കിൽ അതു ചിലക്ക മുതലെടുക്കാൻ ഇടയാക്കരുതെന്നു മാത്രമാണു്. ഞാൻഇതിനു മുമ്പിലുള്ള അനുഭവം വെച്ചുകൊണ്ടു പറയുകയാണു്, നിങ്ങളും മനസ്സിരുത്തിയാക്കി ഒരു കായ്പരിപാടിയെടുത്താൽ കുറച്ചു കഴിയുമ്പോൾ ചിലരെല്ലാം പൊയ്ക്കളയും. എന്നാൽ അതു പോകുന്നു, അതു വരുന്നു, എന്നു നോക്കാതെ കായ്പരിപാടി ശരിക്കു കൊണ്ടുപോകാൻ സാധിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രജാമണ്ഡലം നേതാവു് ഗവണ്മെണ്ടിനു ഒരു വലിയ വിഷമമുണ്ടാക്കീട്ടുണ്ടു്. അവർക്ക് ഇതിനെ അനുകൂലിക്കാൻ പാടില്ലാതാക്കീട്ടുണ്ടു്. അല്ലേഹം പറയുന്നു അവർ ഇതിനെ അനുകൂലിച്ചാലാണു് ഞങ്ങൾക്ക് വിഷമമെന്നു്. പക്ഷെ, എത്ര പറഞ്ഞാലും അതിനെല്ലാം മറുപടി പറയാൻ സാമർത്ഥ്യമുള്ള സിക്രട്ടറി ഇതിനും ഒരു മറുപടി കണ്ടുപിടിച്ചിട്ടുണ്ടാവും. എതായാലും ഞാൻ ഈ നിശ്ചയത്തെ ബലമായി പിന്താങ്ങുന്നു.

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* I also wish to contribute my share to the debate engendered by the very carefully worded resolution tabled by my Hon'ble friend for Cranganur. It created speeches which made the Treasury Benches sleep I thought that may be snoring too. With that preface, I look at this proposition from an altogether different angle of vision and with the eyes of an optimist. Remember, Sir, that today is the 12th of Vrischigam. 17 days hence is the 29th Vrischigam. The steps taken for the advancement of political reforms if you chronologically examine you will be pleased to find that they have always been synchronised with eventful days in the life of one or other of a galaxy of our ruling Princes. The first idea of having a Legislative Council for Cochin was conceived by the Maker of Present Cochin, the late lamented abdicated Maharaja; and as a result of his all too sudden abdication it fell to the lot of his successor, the flourishing Maharaja of Cochin to make an announcement on that all-important day in the life of a Hindu, the Shastiabdapoorthi, in 1919, announced that Act, his intention to inaugurate a Council for Cochin. Six years hence on the 25th of April 1925, the same Highness had the good fortune to inaugurate this Council of ours. It is now 20 years and more over. In His Highness' own words, the Council was started even from the very beginning, what was then called with very wide powers and at that time wide powers. The tax qualification for a voter then fixed was Rs. 10. Again, during the time of the self-same Highness, franchise was extended and the tax qualification was reduced to Rs. 5. It fell to the lot of his illustrious successor, His Highness who passed away at Chowwara to announce again on an important day, on the day on which that Highness ascended the Musnad, that was, I believe, somewhere in October 1932. An announcement was then made in reply to a public address presented to His Highness by His Highness' loving subjects that he wishes to further extend the franchise, to give us the right to elect our Deputy President, to give us the right to put supplementary questions as we now do that was not the position in the early days, only the questioner puts questions Now, you can thrust upon my question and mutilate my question if you like. And these announcements were implemented by proper franchise committees, appropriate notifications and

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

the tax qualification was reduced to one rupee. Again, when the reigns of administration fell into the hands of a statesman politician from British India, the father of the present constitution I should say, the franchise was further extended. It was reduced to any tax, even a pie. That is the present franchise. School Finals and similarly passed candidates were also made voters and starting with 30 elected members and 15 nominated members, the number increased to 36 elected and 18 nominated which again developed into the present number of 38 elected and 20 nominated. Well, what is it that you find from this? A process of evolution had been at work aided by the solicitude and sympathy of a galaxy of benevolent Maharajas and availed of, mark you, Sir, that is the purpose of the resolution, availed of by a sense of responsibility and moderation by the people of the State. I am not giving in my own words. I am reading from historical records of Cochin made by persons competent to make such pronouncements. You know what I am referred to, especially my friend Mr. Ayyappan must know it. "The next landmark in our progress on the road of constitutional reforms is again one which sychronises with an eventful day, perhaps an unique day in the annals of the life of the rulers of the State. No ruler of the State had celebrated his 75th birthday". There were others who reached the age of 75 or 76, but the next clause will show that no ruler reached the 76th birthday in the enjoyment of full vigour and health. It was on that momentous unique day, *viz.* the 4th of January 1938 that the all significant announcement was made at a Durbar announcing His Highness' intention to associate his loving and loyal subjects further more in the working of the Government of Cochin by having one of the elected members of this House to run a few of the departments, do not make the mistake that they are minor departments, they are departments which vitally affect the day to day life of the backbone of the State and rightly has been called the Minister for Rural Development. That is the next landmark. There is a school of thought here that in season and out of season thought that it was a boon, really it was a boon granted unasked by His Highness. I am not mitigating or lessening the effect and importance of that Proclamation. It is not anything got unasked. That was the announcement in the month of Dhanu. 5 months hence in the month of Karkadagam, a forcible resolution demanding the establishment of responsible Government to be run by Ministers, not by a Minister, was passed in the Budget Session preceding and the hitherto progress and response of the ruling family was accentuated in the atmosphere in the circumstances then prevailing, because there was an adviser who was an administrator, who was one the Secretary to the late lamented Motilal—I am referring to Sir Shanmukham Chetty. On the strength of his advice and because of the benevolence of that departed soul whose motto was the welfare of all his subjects irrespective of caste, colour or creed, mark those words, it was that that gave us. But, Sir, subsequent events of these 7 years, what do they show? Have we had the progress that we were having, though in small instalments but at very small periodiocal intervals we were having till then. But 7 long years have rolled by since this all-important announcement, the Constitution Act, was granted which has become the Magna Carta of Cochin State, though not perfect, which is something worth having. But it is not perfect. Now, Sir, what is it that follows this announcement and the Constitution Act? The Ministry was constituted in the month of Mithunam 1113. We met only in Vrischigam subsequently, because in that year the Budget Session was in Mithunam. Naturally, no demand could be made in the Vrischigam Session; but before the Legislative Session of 1114 was over, my esteemed friend, the Hon'ble Member for Kanayannur Ezhuvas, came forward with his all-important resolution couched in a poetic sense, argued in a more poetic sense. There were the illustrations, similies, metaphors and all that; and the father of the constitution in the sense that it was on his advice and it was more his statesmanship, opposed Mr. Ayyappan. He said that "it is like a growing plant. Please see that it grows. Don't try to break it away". Naturally we must accept such words at that distance of time. That is the sense of responsibility and co-operation shown by this House. Accepted. What follows? I must necessarily now read one passage. There was in the Budget Session of 1114 an evaluation of the work as a result of this announcement which runs in these words in the opening speech of Sir Shanmuham Chetty in the Budget Session of the year 1114.—

"It is now exactly a year since the new constitution in this State was inaugurated. Though it is too early to assess the real value of this constitution sufficient experience has been gained to warrant the conclusion that the object which His Highness the Maharaja and his advisers had in view has amply realised. The constitution has had many critics, especially outside this State. Cochin can claim to-day that in the three great spheres of State activity she has reached a stage of development of which she can feel legitimately proud. Cochin today possesses a representative legislature with effective powers, an efficient executive with real popular control over certain

LIBRARY ARCHIVES Kerala Legislative Assembly

departments, and an independent judiciary which enforces the rule of law. Let me examine in brief manner the validity of this three-fold claim which I make".

"The announcement made by His Highness that it is his intention to act in accordance with the advice of the Minister in all matters connected with the administration of the transferred departments has been carried out to the fullest extent. Though the constitution provides that His Highness may in certain cases order that action otherwise than in accordance with the Minister's advice should be taken, this power has not been exercised even in a single instance during the last one year. Though according to the rules certain decisions of the Minister affecting the finances of the State require the approval of the Diwan, there has not been a single instance in which that approval has been withheld. In other words, during the last twelve months since the new constitution began to work, there has not been a single instance....." "It is a matter for supreme gratification that, in spite of all the forebodings regarding the fate of a dyarchic constitution, practical good sence and statesmanship have prevailed and the constitution has so far worked smoothly and satisfactorily". "In spite of all the criticisms, the fact remains that in the wide and important field of rural development activities the popular Minister has free and unfettered control in this State". My Hon'ble friend the Hon'ble Minister will vouchesafe the truth of this. His predecessors will vouchsafe the truth of these. They have only been the colleagues of the Diwan, however highly paid that individual be. That is the evaluati n made by a competent person. I never take the debates on constitutional reforms as a hardy annual. They were things deliberately done with sufficient forethought and might have produced the necessary effect on proper quarters. Then, Sir, what is it that follows? I have come to the Budget Session and the evaluation. In the Legislative Session of 1116 Mr. T. K. Nayar brought a resolution that the departments of education and medical should be transferred to the control of the Minister. There was another Hon'ble Member from a new party the Progressive party it is my friend who, I understand will probably be in Malaya, Mr. T. V. Subramania Ayyar was not in favour of Mr. Nayar's claim. Then Dr. A. R. Menon and the then Secretary to Government said:—"What did our Government say? They always referred to section 8 of the Constitution Act. Look at that, read it. Does it not give you what you want, since the goal fixed there is transference of further departments". Are we the judges, are you the judges, and even if you are the judges, what is it that you have said. We have managed things that were entrusted to us in a statesmanlike manner. What is your justification not to move? Every Budget Session and every succeeding Legislative Session worse following at this in one shape or other and always this argument was repeated. But at one time they went a step further. They had to explain and therefore they published a notification that the resolution tabled by Mr. Nayar and the more comprehensively worded resolution of Mr. Moothedan who was a useful member of this House in those days, they could not accept either. Mr. Nayar did not keep quiet. What does it mean? Have you receded from your view? There was some correspondence asking the Government to declare whether there would be a further extention of constitutional reforms. The Council understood it. That was in 1117. Then in the Budget Session following in 1118 there is some importance for that order that is dated October. There was only an interim Diwan at the time. That was the order passed at that time. Mr. Dixon at least one who hails from the land of the Mother of Parliaments, took charge within a few days. He was forestalled and the order was written. Then unfortunately for Mr. Dixon and very fortunately for us his period happened to be days of war. All his attention was devoted to tide over the war difficulties and successfully he did it. Therefore he could not spend much thought over it. But in spite of that, it was that Diwan of the State who transferred at least one department. Unfortunately for us, without developing it did not come to fruition. Then came his successor. Now there was an occasion, Sir, just towards the close of the days of Mr. Dixon when our present Highness came to the throne. There was a request to Mr. Dixon—"You are going from the State. A new ruler has come. Would you not put it before His Highness to have the constitutional reforms advanced at least by one step". He assured us that he will leave a file on the question, the burning question of questions, to his successor who is more competent to tackle the question.

Mr. Deputy President: The Hon'ble member will continue his speech tomorrow.

The House rose for the day at 5 p.m.

N. S. RADHAKRISHNA SARMA

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly